For Private Circulation Only

September 2024

ആഗമനാമൃതം

HOLY BIBLE

Vol.71 | "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു" (ഫിലി. 1:21) | No.9

ജയിക്കുന്ന ജീവിതം

By Charles G.Trumbull

ഒരേയൊരു ജീവിതം, അത് ജയിക്കുന്നു, അതാണ് കർത്താവായ യേശുവിന്റെ ജീവിതം. ഓരോ മനുഷ്യനും ഒരോ ജീവിതമുണ്ട്. ഓരോ മനുഷ്യനും അതിൽ ജീവിക്കുന്നു.

എല്ലാ മനുഷ്യരും കർത്താവിനെപ്പോലെയാണ് ജീവിക്കുന്നത് എന്ന് ഞാനർത്ഥമാക്കുന്നില്ല; എന്നാൽ അത് വളരെ നല്ല ജീവിതമാണ്. എപ്പോഴും മനുഷ്യന് ക്രിസ്തുവിന്റെ സഹായമുണ്ട് എന്നും ഞാനർത്ഥമാക്കുന്നില്ല. എന്നാൽ അതിനേക്കാൾ നല്ലതാണ് എപ്പോഴും മനുഷ്യന് ദൈവശക്തിയുണ്ട് എന്ന് ഞാനർത്ഥമാക്കുന്നില്ല, എന്നാൽ ശക്തിയെക്കാൾ ഒന്നുണ്ട് എന്ന് ഞാൻ പറയുന്നു. എല്ലാ മനുഷ്യരും പാപത്തിൽ നിന്നും രക്ഷിക്കപ്പെട്ട് പാപം ഒഴിഞ്ഞു ജീവിക്കുന്നു എന്ന് ഞാനർത്ഥമാക്കുന്നില്ല, എന്നാൽ അതിനെക്കാൾ മെച്ചമായ ഒരു ജീവിതം അതാണ് ഞാൻ പറയുവാനാഗ്രഹിക്കുന്നത്.

അതിനെ വിശദീകരിക്കുവാൻ വേണ്ടി എന്റെ സ്വന്ത അനുഭവം ഞാൻ പ്രസ്താവിക്കാം. ഞാൻ ചെയ്യുന്നത് ശരിയാണെന്ന് എനിക്കു തോന്നുമ്പോൾ ഞാൻ പറയുന്നു, മനുഷ്യന്റെ തോൽവികളെ ഞാൻ മനസ്സിലാക്കി, യേശുക്രിസ്തുവിനോടുള്ള തിരസ്ക്കാരവും ബഹുമാനമില്ലായ്മയും, സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേടു കാണിക്കുക, മറ്റു മനുഷ്യരുടെ നേട്ടങ്ങളിൽ എന്റെ മനോഭാവത്തിൽ വീഴ്ചകൾ ഉണ്ടാവുക, ക്രിസ്തു എന്നിൽ പ്രസാദിക്കുന്നു എന്ന് ഞാൻ അറിയുക എന്ന അഹംഭാവം. എന്നാൽ, കർത്താവിന്റെ ദയ, സ്നേഹം, നിത്യമായ കരുണ, ഞാൻ സംസാരിക്കുമ്പോൾ വന്നു പോകുന്ന എന്റെ വ്യക്തിപരമായ തോൽവികൾ, നിരാശകൾ ഞാൻ സമർപ്പിക്കുന്നു.

ക്രിസ്തു ഒരു പുതുജീവിതം എനിക്കു തരുമ്പോൾ അത്യാവശ്യമായി ഉണ്ടായിരിക്കേണ്ടതായ മൂന്ന് മനോഭാവങ്ങൾ:

ആത്മീയ ജീവിതത്തിൽ സ്വതന്ത്ര ചിന്താഗതിയുണ്ടായിരിക്കേണം. ചിലപ്പോൾ ഞാൻ ഉയർന്ന ആത്മീയ നിലവാരത്തിലായിരിക്കും, ചിലപ്പോൾ താഴ്ചകൾ എന്റെ ജീവിതത്തിൽ വന്നുഭവിക്കും. ഒരു ഉണർവ്വുയോഗം, ഒരു നടത്തിപ്പ്, ഏകാഗ്രമായി നോക്കിയിരിക്കുന്ന വിഷയങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കുന്ന ഒരു വിളി, വിജയകരമായി ജീവിക്കുന്ന ഒരു ക്രിസ്തീയ നേതാവ്, ഒരു അന്വേഷണം, ആത്മനിറവ് ഉളവാക്കുന്ന ഒരു പുസ്തകം, ആരാധനയിലെ ഒരു പുത്തൻ അനുഭവം, പ്രാർത്ഥനയിലെ ഉണർവ്വ് തുടങ്ങിയവ എന്നെ ഒരു പടി ഉയർത്തുമ്പോൾ; ഞാൻ അതിൽ നില്ക്കുമ്പോൾ ഒരു നിമിഷം ദൈവം എനിക്ക് സമീപസ്ഥനായി കാണപ്പെടുന്നു. എന്നാൽ ഇതിനും നിലനില്പില്ല. ചിലപ്പോൾ ഒരു ചെറിയ പരീക്ഷ കടന്നു വരും, കുന്നിറങ്ങുന്നതുപോലുള്ള അനുഭവം വരും, എന്റെ നല്ല പരിചയങ്ങൾ എല്ലാം നശിക്കും, ഞാൻ ഏറ്റവും താഴ്ന്ന നിലവാരത്തിലെത്തും. ആ താഴ്ന്ന നിലവാരത്തിൽ എത്തുമ്പോൾ ഒരു വിശ്വാസി അവന്റെ വിശ്വാസത്തെ തെളിയിക്കും. സാത്താൻ അവനെ വീണ്ടും വീണ്ടും പരീക്ഷിക്കും, അവൻ പിടിച്ചു നിൽക്കും.

തുടർച്ചയായ പാപം, ഞാൻ ജയിക്കാനുള്ള പോരാട്ടം ഒരു പ്രത്യേക നിരയിൽ പോരാടുന്നില്ല. ഞാൻ പൂർത്തീകരണത്തെ നോക്കുന്നില്ല; എന്നാൽ ഞാൻ വിശ്വസിക്കുന്നു ഞാൻ ജയിക്കും, അതെ, എല്ലായ്പ്പോഴും, അനിശ്ചിതത്വത്തിനു പകരം ഞാൻ ശത്രുവിനെ പരാജയപ്പെടുത്തുന്ന വിജയം നേടും. ഞാൻ പ്രാർത്ഥിച്ചു, അതെ, ഏറ്റം വിശ്വസ്തമായി, വിടുതലിനായി, എന്നാൽ സ്വാഭാവികമായ ഒരു വിടുതൽ ഉണ്ടായില്ല.

ആത്മശക്തിയില്ലായ്മ. ഞാൻ ധാരാളം ക്രിസ്തീയ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഞാൻ ആളാം പ്രതിവേലപോലും ചെയ്യുന്നു. വളരെ പ്രയാസമുള്ളവേല, ഓരോരുത്തരുമായി സംസാരിച്ച് രക്ഷകനെ അവരുടെ ഉള്ളിൽ ഏറ്റെടുക്കുവാൻ തക്കവണ്ണം സംസാരിക്കുന്നു. എന്നാൽ അതിന്റെ ഫലം കാണാൻ കഴിയുന്നില്ല. എന്റെ പ്രവർത്തനത്തിൽ ആളുകൾ ക്രിസ്തുവിങ്കലേക്ക് വരുന്നത് ഞാൻ കാണുന്നില്ല, അങ്ങനെയാണ് എന്റെ അനുഭവം. മറ്റുള്ളവർ ചെയ്യുന്നു എനിക്കു എന്തുകൊണ്ട് കഴിയുന്നില്ല? പലപ്പോഴും എന്റെ ജീവിതത്തിൽ ആത്മാവിന്റെ പ്രവൃത്തി ശുശ്രൂഷകളിൽ കാണുന്നില്ല.

ഒരു പുതിയ ചിന്താഗതി

ഒരു മനുഷ്യനെ ഞാൻ കണ്ടു, വ്യക്തമായ അനുഗ്രഹം കർത്താവിന്റെ വേലയിൽ താൻ പ്രാപിക്കുന്നു, ക്രിസ്തുവിന്റെ മനസോ മനസാക്ഷിയോ അദ്ദേഹത്തിനുണ്ട്, അത് എനിക്കില്ല, അത് എനിക്ക് വിദൂരത്തിലാണ്, വലുതാണ്, ആഴമേറിയതാണ്, അത് എനിക്ക് പ്രാപിക്കാൻ കഴിയുന്നില്ല. ഇത് ആദ്യം എന്റെ അടുക്കൽ വന്നപ്പോൾ ഞാൻ എതിർത്തു നിന്നു എനിക്കതു പ്രാപിപ്പാൻ കഴിഞ്ഞില്ല. ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നില്ലേ, ദൈവപുത്രനെ ആരാധിക്കുന്നില്ലേ? ഇരുപതു വർഷങ്ങൾക്ക് മുമ്പ് കർത്താവിനെ എന്റെ രക്ഷകനായി ഞാൻ അംഗീകരിച്ചതല്ലേ? അങ്ങയിൽ മാത്രമാണ് നിത്യജീവൻ എന്ന് ഞാൻ വിശ്വസിച്ചതല്ലയോ, കർത്താവിന്റെ സേവയിൽ ജീവിപ്പാൻ ഞാൻ എന്നെ ഏല്പിച്ചതല്ലയോ? എന്റെ മുഴുജീവിതത്തേയും അവിടുത്തെ ഇഷ്ടത്തിനായി സമർപ്പിച്ചതല്ലയോ? അവിടുത്ത സഹായവും നടത്തിപ്പും നിരന്തരമായി ഞാൻ അഭ്യർത്ഥിച്ചതല്ലേ? എന്റെ ഏക പ്രത്യാശ ദൈവത്തിൽ ആണെന്ന് വിശ്വസിച്ചതല്ലേ? ഇവയെല്ലാം ഞാൻ ചെയ്യുന്നു. എന്തുകൊണ്ട് ഒരു നല്ല ചിന്ത അഥവാ ഉയർന്ന നിലവാരം എനിക്കുണ്ടാകാത്തത്? എനിക്കു കർത്താവിന്റെ സേവ ചെയ്യണേം എന്ന് ഞാൻ അറിഞ്ഞു; അത് ഇതുവരെ ചെയ്തതിനെക്കാളുമുപരി ചെയ്യണം, അതിന് എനിക്ക്

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ജയിക്കുന്ന ജീവിതം

അവിടുത്തെ ഒരു പുതി യ ചിന്താഗതിവേണം, ഞാൻ അതിലേക്ക് കടന്നിട്ടില്ല.

എനിക്ക് നിഷേധിക്കാൻ കഴിയാത്ത നിർദ്ദേശങ്ങളി ലേക്ക് ഞാൻ വരുന്നു. എഫെ. 4:12,13 ആധാരമാക്കി, ഡോ. ജോൺജോവറ്റ് നട ത്തിയ ഒരു പ്രസംഗം ഞാൻ കേട്ടു, " അത് നാം എല്ലാ വരും വിശ്വാ സ ത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരി ജ്ഞാ ന ത്തി ലു മുള്ള ഐക്യതയും തികഞ്ഞ പുരു ഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണമായ പ്രായത്തി ന്റെ അളവും പ്രപിക്കുവോ ളം വിശുദ്ധന്മാരുടെ യഥാ സ്ഥാനത്വത്തിനായും ശുശ്രൂ ഷയുടെ വേലയ്ക്കും ക്രിസ് തുവിന്റെ ശരീരത്തിന്റെ ആത്മീകമായ വർദ്ധനയ് ക്കും ആകുന്നു. എനിക്ക് അ ദ്ദേഹത്തെ പിൻപറ്റുവാൻ കഴിഞ്ഞില്ല. അദ്ദേ ഹം എന്റെ ആഴങ്ങൾക്കപ്പുറത്തു ആയി രുന്നു. അദ്ദേഹം ക്രിസ്തുവി നെക്കുറിച്ചു സംസാരിച്ചു, മറെച്ചു വയ് ക്കുവാൻ കഴി യാത്ത യേശുവിനെ ഒരു പ്രത്യേക നിലയിൽ അവതരി പ്പിച്ചു. എനിക്ക് അത് ഉൾ ക്കൊള്ളുവാൻ കഴിഞ്ഞില്ല.

ഞാൻ അതിനെക്കുറിച്ച് അറിയുവാനായി ഡോ.ജോ ൺ ഡഗ്ളസ് ആദം -ന്റെ അടുക്കലേയ്ക്ക് വന്നു, അദ്ദേ ഹത്തിൽ നിന്നും പഠിച്ചു, അദ്ദേഹം അചഞ്ചലമായ കർത്താവിന്റെ സാന്നദ്ധ്യ ത്തിന്റെ ഉടമയായിരുന്നു, അത് അദ്ദേഹത്തിന്റെ ആ ത്മിക സമ്പത്തായിരുന്നു. അതുകൊണ്ട് ഒന്നും അദ്ദേ ഹത്തെ അസഹ്യപ്പെടുത്തുക യില്ല, അദ്ദേഹം പറഞ്ഞു, അതിന്റെ നിവർത്തീകരണം എന്ന നിലയിൽ യേശുവിന്റെ നിറഞ്ഞ സാന്നിദ്ധ്യം തന്നോ ടൊപ്പമുണ്ടായിരുന്നു; അത് ഒരു സ്വതന്ത്ര അനുഭവമായി തന്നോടൊപ്പമുണ്ടായിരുന്നു, സ്വതന്ത്രമായി തന്റെ മരുഭൂമി യുടെ അനുഭവങ്ങളിൽ, തന്റെ സ്വതന്ത്രമായ ആശയത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം എങ്ങനെ വെളിപ്പെടുന്നു എന്ന് കാണുന്നു. മാത്രമല്ല, അദ്ദേഹം പറഞ്ഞത് അദ്ദേഹ ത്തിന്റെ ചിന്തകളുടെ കേന്ദ്ര മാണ് ക്രിസ്തു. മറ്റു വിഷയ ങ്ങളിൽ നിന്നും തന്റെ മനസ് സ്വതന്ത്രമാകുമ്പോൾ ഇത് ക്രിസ്തുവിങ്കലേക്ക് തിരി യുന്നു; തനിച്ചിരിക്കുമ്പോൾ താൻ ഉച്ചത്തിൽ ക്രിസ്തുവി നോട് സംസാരിക്കുന്നു. തെരു വോരങ്ങളിൽ, എവിടെയാ യാലും വളരെ അടുത്ത് ഒരു കൂട്ടകാരനെപ്പോലെ സംസാ രിക്കുന്നു. അതുകൊണ്ട് യേ ശുവിന്റെ നിറഞ്ഞ സാന്നി ദ്ധ്യം അദ്ദേഹത്തിന് യാഥാർ ത്ഥ്യമായിരുന്നു.

ചില മാസങ്ങൾക്കുശേ ഷം ഒരു കോൺഫറൻസിൽ പങ്കെടുക്കാനായി എഡിൻ ബറോയിലേക്ക് പോയി, ഡോ. റോബർട്ട് ഹോർടൺ ആയി രുന്നു. പ്രാസംഗികൻ, വി ഷയം ക്രിസ്തീയ ജീവിത

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്ക ളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വ ദിച്ചിട്ടുണ്ടല്ലോ. മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നി ധിയിൽ ശ്രേഷ്ടവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലു കൾ എന്നപോലെ ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തം ദൈവത്തിനു പ്രസാദമുള്ള ആത്മീയയാഗം കഴിപ്പാൻ തക്കവണ്ണം പുരോഹിത വർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു " (1പത്രൊ. 2:1-5).

2024 ഓഗസ്റ്റ് നമ്മെ വിട്ട് കടന്നു പോയി സെപ്റ്റം ബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്ക പ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം. ദൈവം സകല ഹൃദയങ്ങളെയും ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവ നവന്റെ നടപ്പിനും പ്രവർത്തിയുടെ ഫലത്തിനും തക്ക വണ്ണം കൊടുക്കുന്നു. ഹൃദയശുദ്ധി കാത്തു സൂക്ഷിക്കു വാൻ നമുക്ക് ഓരോരുത്തർക്കും ഈ നാളുകളിൽ കൃപ ധാരാളമായി നൽകട്ടെ.

നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ കഷ്ട തകളും വേദനകളിലും കൂടെ കടന്നുപോകേണ്ടി വരും. പ്രത്യേകിച്ച് ദൈവത്തോടുകൂടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ വലിയ കഷ്ടത അനുഭവിക്കേണ്ടി വരും. കഷ്ടത അനുഭവിക്കുന്ന ദൈവത്തിന്റെ മക്കളെ അവരുടെ കഷ്ടതകളിൽ നിന്നും വിടുവിച്ച് സന്തോഷ കരമായ ഒരു ജീവിതം നൽകി അവരെ അനുഗ്രഹിക്കും, എന്തെല്ലാം കഷ്ടതകളും ശോധനകളും പീഢകളും അല യടിച്ചാലും നമ്മുടെ മനസ്സ് ദിവ്യ ധൈര്യത്താൽ നിറയ പ്പെടുകയും എല്ലാ സാഹചര്യങ്ങളെയും ശാന്തമായി നേ രിടുകയും ചെയ്യുക. അതിന് ദൈവം കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയ ക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രാ യങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറി യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായ ങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

പ്രാർത്ഥനയ്ക്കും പ്രവൃത്തിക്കും വേണ്ടതായ ശക്തി

By Andrew Murray

" ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതു അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും " (യോഹ. 14:12-13).

നമ്മുടെ രക്ഷകൻ തന്റെ ശിഷ്യന്മാരുമായി പരസ്യശുശ്രൂഷ ആരംഭിക്കുന്നത് തന്റെ പർവ്വത പ്രസംഗത്തോടുകൂടെയാണ്, അത് പൂർത്തിയാക്കുന്നത് തന്റെ വാഗ്ദത്തത്തോടുകൂടിയുള്ള യോഹന്നാന്റെ പുസ്തകത്തിലെ ഇടപെടലിലൂടെയാണ്. രണ്ട് സംഭവങ്ങളെക്കുറിച്ചും ഒന്നിലധികം തവണ പ്രാർത്ഥനയെക്കുറിച്ച് പറയുന്നുണ്ട്, പക്ഷേ വ്യത്യാസങ്ങളുണ്ട്. തന്റെ പാഠശാലയിലേക്ക് പ്രവേശിച്ചിരിക്കുന്ന ശിഷ്യന്മാരോടാണ് പർവ്വത പ്രസംഗത്തിൽ കർത്താവ് സംസാരിക്കുന്നത്, തീരെ കുറച്ച് അറിവേ ദൈവത്തെ അവരുടെ പിതാവ് എന്ന നിലയിൽ അവർക്കുള്ളൂ, അവരുടെ പ്രാർത്ഥന അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കു വേണ്ടിയുള്ള താണ്. തന്റെ പർവ്വത പ്രസംഗത്തിന്റെ അവസാനത്തിൽ തന്റെ ശിഷ്യന്മാരോട് അവിടുന്ന് പറയുന്നു, നിങ്ങളുടെ പരിശീലനം അതിന്റെ പൂർത്തീകരണത്തിലേക്ക് വന്നിരിക്കുന്നു, നിങ്ങൾ അവിടുത്ത സ്ഥാനത്ത് അവിടുത്തെ പ്രവൃത്തിക്കുവേണ്ടി ദൂതന്മാരായി നില്ക്കുവാൻ നിങ്ങൾ ഒരുക്കമായിരിക്കുന്നു എന്ന് അവരോട് പറഞ്ഞു.

കഴിഞ്ഞ പ്രധാന പാഠം എന്നത്, കുട്ടികളെപ്പോലെയായിരിക്കുക, വിശ്വാസത്തോടെ പ്രാർത്ഥിക്കുക, പിതാവായ ദൈവത്തിൽ ആശ്രയിക്കുക, അവിടുന്ന് എല്ലാ നല്ലദാനങ്ങളും നിങ്ങൾക്കു തരും. ഇവിടെ കുറച്ചുകൂടെ ഉയർന്ന കാര്യങ്ങൾ പറയുകയാണ്. ഇപ്പോൾ അവർ അവിടുത്തെ സ്നേഹിതന്മാരാണ്, അവിടുന്ന് പിതാവിനോട് കേട്ടതെല്ലാം അവരോട് അറിയിച്ചിരിക്കുന്നു, അവിടുത്തെ ദൂതന്മാർ, അവിടുത്തെ പദ്ധതിയിൽ ചേർക്കപ്പെട്ടവർ, അവരുടെ കൈകളിലാണ് അവിടുത്തെ പ്രവൃത്തിയും ഭൂമിയിലുള്ള അവിടുത്തെ രാജ്യവും ഏല്പിച്ചിരിക്കുന്നത്.

ഇപ്പോൾ അവർ പുറത്തു പോയി അവിടുത്തെ പ്രവൃത്തി ചെയ്യേണം, അവിടുത്തെ ഉയിർത്തെഴുന്നേൽപിൻ ശക്തിയാൽ വലിയവ ചെയ്യും. പ്രാർത്ഥന എന്ന ചാനലിലൂടെ ഒഴുകുന്ന ദൈവശക്തി പ്രാപിച്ച് അവിടുത്തെ വേല ചെയ്യേണം. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപോടുകൂടെ പിതാവ് പ്രാർത്ഥനയ്ക്കും പ്രവർത്തിക്കുമായി പുതിയൊരു യുഗം തുറന്നു.

എത്ര വ്യക്തമായി ഈ വേദഭാഗത്തിൽ ഈ ബന്ധം വ്യക്തമാക്കിയിരിക്കുന്നു. തന്റെ ശരീരത്തിൽ താൻ ഭൂമിയിൽ ആയിരിക്കുന്നു, പിതാവിനോടുകൂടെ സ്വർഗ്ഗത്തിൽ ആയിരിക്കുന്നു, താൻ ചെയ്തതിലും വലിയ പ്രവൃത്തി അവർ ചെയ്യും. അവരുടെ വിജയങ്ങളും നേട്ടങ്ങളും എല്ലാം അവിടുത്തെക്ക് വലിയതായിരിക്കും. ഇതിന് രണ്ട് കാരണങ്ങളാണ് അവിടുന്ന് പറയുന്നത്. ഒന്ന്, അവിടുന്ന് പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അവിടുത്തെ സർവ്വശക്തി പകരപ്പെടുന്നു, അടുത്തതായി അവിടുന്ന് അവർക്കായി അപേക്ഷിക്കുന്നതുകൊണ്ട്, കർത്താവിന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതുകൊണ്ട് അവർക്ക് ആ പ്രതീക്ഷയുണ്ട്.

" ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് നിങ്ങൾ ചോദിക്കുന്നതൊക്കെയും ചെയ്തുതരും. "തന്റെ പിതാവിന്റെ അടുക്കലേക്കുള്ള പോക്കു രണ്ടു വിധ അനുഗ്രഹങ്ങൾ നമുക്കു കിട്ടുവാൻ കാരണമാകുന്നു. അവിടുത്തെ നാമത്തിൽ ചോദിക്കുന്നതെല്ലാം ലഭിക്കുന്നു, അതിന്റെ പരിണതഫലം എന്നുള്ള നിലയിൽ അതിൽ വലിയ പ്രവൃത്തികളും ചെയ്യാൻ സാധിക്കുന്നു. ആദ്യം പറയപ്പെട്ട വിഷയത്തിൽ നമ്മുടെ രക്ഷകനോടുള്ള പ്രാർത്ഥനയിൽ രണ്ട് പ്രധാന പാഠങ്ങൾ അടങ്ങിയിരിക്കുന്നു. അവിടുന്ന് ചെയ്യുന്ന പ്രവൃത്തി ചെയ്യുന്നവൻ അവിടുത്തെ നാമത്തിൽ പ്രാർത്ഥിക്കും. അവിടുത്തെ നാമത്തിൽ പ്രാർത്ഥിക്കുന്നവൻ അവിടുത്തെ നാമത്തിൽ പ്രവർത്തിക്കും.

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയ്ക്കും പ്രവർത്തിക്കും വേണ്ടതായ ശക്തി

വലിയ കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടി ശക്തി, ശക്തിക്കു വേണ്ടി പ്രാർത്ഥന

പ്രവർത്തിക്കുന്നവൻ പ്രാർത്ഥിക്കേണം. പ്രാർത്ഥനയിൽ കൂടെ പ്രവർത്തിക്കുന്നതിനായുള്ള ശക്തി ലഭിക്കുന്നു. അവിടുത്തെ നാമത്തിൽ വിശ്വസിക്കുന്നവൻ പ്രാർത്ഥിക്കുന്നു, പ്രാർത്ഥിക്കുന്നവൻ യേശു ചെയ്ത കാര്യം ചെയ്യുന്നു. യേശു ഈ ലോകത്തിൽ ആയിരുന്നപ്പോൾ വലിയ പ്രവർത്തികൾ ചെയ് തു. ശിഷ്യന്മാർക്ക് പിശാചിനെ പുറത്താക്കുവാൻ കഴിഞ്ഞില്ല. അവിടുന്ന് പിതാവിന്റെ അടുക്കലേയ്ക്ക് പോയി, അവിടുന്ന് ശരീരത്തിൽ അവരോടുകൂടെയില്ല പ്രവർത്തിപ്പാനയി. ശിഷ്യന്മാർ ആണ് അവിടുത്തെ ശരീരം. അവിടുത്തെ എല്ലാ പ്രവൃത്തികളും സ്വർഗ്ഗത്തിൽ അവിടുത്തെ സിംഹാസനത്തിൽ നിന്നും, ഭൂമിയിൽ, തന്നിൽ കൂടെ പ്രവർത്തിക്കുന്നു.

ഒരു വ്യക്തി ഏല്പിച്ച് മറ്റൊരാളെകൊണ്ട് ചെയ്യിച്ചാൽ, അതിൽ കുറവു കാണും, ക്ഷീണം കാണും അതിൽ നിന്നും വ്യത്യസ്തമായി യേശു പറയുന്നു, "ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു, എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്ത പ്രവൃത്തികളും ചെയ്യും. ഞാൻ ചെയ്തതിലും അധികം ചെയ്യും ".

കർത്താവിന്റെ മരണം പാപത്തിന്റെ ശക്തിയുടെ ഒരു ഖണ്ഡനം ആയിരുന്നു, പാപത്തിന്റെ ശക്തിക്ക് ഒരു അവസാനം വരുത്തുകയായിരുന്നു. മർത്യ ശരീരം ഉയിർത്തെഴുന്നേൽപിൻ ശക്തിയാൽ നിത്യജീവൻ പ്രാപിക്കുന്നു, മർത്യ ശരീരത്തിൻ മേൽ നിത്യജീവൻ അവകാശമാക്കുന്നു. ഉയിർത്തെഴുന്നേല്പോടുകൂടി സ്വന്തമായി, സ്വതന്ത്രമായി ആശയവിനിമയം നടത്തുവാൻ കഴിയുന്നു. ത്രിത്വത്തിന്റെ ഐക്യതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരം ഉള്ളവനായി അത്യാവശ്യമായും ദൈവികമായും പൂർണ്ണത പ്രാപിച്ച് അക്ഷരാർത്ഥത്തിൽ, "ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് ഇതിലും വലിയതും അവൻ ചെയ്യും".

എത്ര സത്യമാണത്. യേശു, മൂന്നര വർഷത്തെ തന്റെ ലോകത്തിന്റെ ശുശ്രൂഷയിൽ, അഞ്ഞൂറിലധികം ശിഷ്യന്മാരെ കൂടെ കൂട്ടി, അവരിലധികവും സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരായിരുന്നു, യേശുവിനാൽ അവർ വൻകാര്യങ്ങൾ ചെയ്തു, പത്രോസും പൗലൊസും താൻ ചെയ്തതിനെക്കാൾ വൻ കാര്യങ്ങൾ ചെയ്തു. സിംഹാസനത്തിൽ നിന്നും അവരിലൂടെ തനിക്ക് വൻ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നു.

എന്നാൽ ഒരു വ്യവസ്ഥയുണ്ട്. " എന്നിൽ വിശ്വസിക്കുന്നവൻ, അവൻ എന്നെക്കാൾ വലിയവ ചെയ്യും, കാരണം ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ, നിങ്ങൾ എന്റെ നാമത്തിൽ എന്തു യാചിച്ചാലും, ഞാൻ ചെയ്തുതരും" . അവിടുന്ന് പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട്, പ്രാർത്ഥനകേൾപ്പാനുള്ള പുതിയ ശക്തി പിതാവ് അവിടുത്തേയ്ക്ക് നൽകും. വൻകാര്യങ്ങൾ ചെയ്യുവാൻ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് സർവ്വ ശക്തി ലഭിക്കും? അവിടുത്തെ നാമത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ സർവ്വശക്തി തന്നിൽ നിന്നും വീണ്ടും ലഭിക്കും.

അവിടുന്ന് പിതാവിനോട് ചോദിക്കുമ്പോൾ, പുതിയ യുഗത്തിൽ വൻകാര്യം ചെയ്യുവാനുള്ള ശക്തി തനിക്ക് ലഭിക്കും. നാം വിശ്വസിക്കുന്നു എന്ന നിലയിൽ, നാം അവിടുത്തെ നാമത്തിൽ ചോദിക്കുമ്പോൾ ശക്തി വന്ന് നമ്മെ അവകാശമാക്കി പുതിയ പ്രവർത്തിക്കുവേണ്ടി നമുക്കും ശക്തി തരും.

കഷ്ടം! എത്ര ആളുകളാണ് ശക്തിയില്ലാതെ കർത്താവിനുവേണ്ടി പ്രവർത്തിപ്പാൻ കഴിയാതെ പുതിയ കാര്യങ്ങൾ ഒന്നും പറയാനില്ലാതെ ആയിരിക്കുന്നത് അതിനൊരു കാരണമുണ്ട്. വിശ്വസിക്കുക, വിശ്വാസത്തോടെ പ്രാർത്ഥിക്കുക. ഇതു ധാരളമായി മതിയാകും.

അതെ, ഓരോ കൂലിക്കാരനും, നേതാവിനും,സഭയിൽ, സ്കൂളിൽ, വീട്ടിലെ ക്ഷേമം ആഗ്രഹിക്കുന്ന പ്രവൃത്തിയായിരിക്കാം, വിദേശമിഷനുകളായിരിക്കാം, പഠിച്ചിരിക്കേണ്ട പാഠം. കർത്താവായ യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന എന്ന വഴിയിലൂടെ, പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശു പ്രാപിച്ച വലിയ ദൈവശക്തിയുടെ സാക്ഷ്യം, ആ ശക്തിയിൽ വിശ്വസിക്കുന്നവർക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും.

ഏതു പരാതിക്കും, അതേ, ബലഹീനതയോ, അയോഗ്യതയോ, പ്രയാസങ്ങളോ, വിജയത്തിന്റെ ആവശ്യങ്ങളോ, കർത്താവ് ഒരുത്തരം: " എന്നിൽ വിശ്വസിക്കുന്നവൻ വലിയ കാര്യങ്ങൾ ചെയ്യും, കാരണം ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട്, എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തു തരും. നാം മനസിലാക്കിയിരിക്കേണ്ട കാര്യം, ഒന്നാമത്തേയും പ്രധാനവുമായ കാര്യം കർത്താവിന്റെ പ്രവൃത്തി ചെയ്യുന്ന ഓരോ വ്യക്തിയും ക്രിസ്തുവുമായി ബന്ധം സ്ഥാപിക്കേണം, സർവ്വശക്തനുമായി, എന്നിട്ട് അവിടുത്തെ നാമത്തിൽ വിശ്വാസത്തിന്റെ പ്രാർത്ഥന പ്രാർത്ഥിക്കേണം. അല്ലാതെയുള്ള പ്രാർത്ഥന മാനുഷികവും ജഡികവുമാണ്. പാപം ചെയ്യുമ്പോൾ അഥവാ അനുഗ്രഹത്തിന്റെ വഴി തേടുമ്പോൾ, യഥാർത്ഥശക്തി ആവശ്യമായിരിക്കുന്നു.

അവിടുത്തെ വേലയ് ക്കു വേണ്ടി നിങ്ങളെത്തന്നെ കൊടുക്കുക

രണ്ടാമത്തെ പാഠം: പ്രാർത്ഥിക്കുന്നവൻ വേല ചെയ്യണം. ഇത് വേലചെയ്യുവാനുള്ള ശക്തി, ആ പ്രാർത്ഥനയ്ക്ക് വലിയ വാഗ്ദത്തങ്ങളുണ്ട്. ശക്തിക്കു വേണ്ടി ശക്തമായ പ്രാർത്ഥന നേട്ടമുണ്ടാക്കും. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വചനങ്ങൾ കുറഞ്ഞത് ആറുപ്രാവശ്യം (യോഹ. 14:13,14; 15:7,16:16:23,24), പരിധിയില്ലാത്ത പ്രാർത്ഥനാ വാഗ്ദത്തങ്ങൾ ആവർത്തിക്കുന്നു, അത് പലപ്പോഴും നമ്മെ തട്ടിയുണർത്തുകയും ജിജ്ഞാസയുള്ള അനേക ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു. "എന്തെങ്കിലും", "ഏതെങ്കിലും" എന്തു നിങ്ങൾ " ചോദിച്ചാലും നിങ്ങൾക്ക് " കിട്ടും.

എത്ര വിശ്വാസികൾ, വായിച്ചാലും അധികം അധികം സന്തോഷവും, പ്രത്യാശയും ആഴമായ വിശ്വസ്തയും, അന്വേഷിച്ച് തങ്ങളുടെ സ്വന്ത ആവശ്യങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു. അവർ നിരാശപ്പെടുന്നു. ലളിതമായ കാരണമാണ്: വാഗ്ദത്തത്തിൽ നിന്നും അകന്നു മാറിപ്പോകുന്നു.

അവിടുന്ന് നമുക്ക് അത്ഭുതകരമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു. കർത്താവിന്റെ വേലയ്ക്കും അവിടുത്തെ രാജ്യത്തിനും വേണ്ടി പൂർണ്ണമായി ഏല്പിച്ച ശിഷ്യന്മാർ, അവിടുന്ന് തന്റെ ഇഷ്ടവും ബഹുമാനവും ശക്തി വരുന്നവരുടെമേൽ ശരിയായ വാഗ്ദത്തമുണ്ട്. അവൻ വാഗ്ദത്തം സന്തോഷത്തോടെ ഏറ്റെടുത്ത്, തന്റെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നവൻ നിരാശനായിത്തീരും കാരണം യേശുവിന്റെ തന്റെ സംരക്ഷണത്തിനുവേണ്ടി ഒരു വേലക്കാരനായി കാണുകയാണ്.

എന്നാൽ വിശ്വാസത്തോടെ പ്രാർത്ഥനയിൽ ദൈവത്തെ അന്വേഷിക്കുന്നവൻ, തന്റെ ആവശ്യം കർത്താ

" അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും" (കൊലൊ.1:19).

" അവന്റെ നിറവിൽ നിന്നും നമുക്കു എല്ലാവർക്കും കൃപ മേൽ കൃപ ലഭിച്ചിരിക്കുന്നു" (യോഹ. 1:16).

യേശുവിൽ നിത്യമായ ഒരു ഉറവയുണ്ട്, ഏതു വിശുദ്ധനും ഉന്നതമായ അളവിൽ എപ്പോൾ വേണമെങ്കിലും പ്രാപിപ്പാനുള്ള കൃപയുടെ ഉറവ. പാപത്തെ ജയിപ്പാൻ, പിടിച്ചടക്കുന്ന ദൈവശക്തി, കൃപയുടെ ശക്തി, പാപത്തെ ജയിക്കണം, വിശുദ്ധിയിൽ എത്തേണം, വിശുദ്ധീകരണത്തിന്റെ ഊർജ്ജം സമ്പൂർണ്ണമായി ക്രിസ്തുവിൽ വസിക്കുന്നു. ജഡത്തിൽ എനിക്ക് ഒരു ശക്തിയുമില്ല, എനിക്ക് പറയുവാൻ എന്തെങ്കിലും ഉണ്ടെങ്കിൽ, ഞാൻ എന്നെത്തന്നെ ഒഴിഞ്ഞ പാത്രമായി സമർപ്പിക്കുന്നു എങ്കിൽ, എന്നിൽ ആ സത്യം യാഥാർത്ഥ്യമാകുന്നു, " എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ. 15:57). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പ്രവർത്തിപ്പാനുള്ള ശക്തി ക്രിസ്തുവിൽ ആയിരിക്കുന്നു, ആ ശക്തി പൂർണ്ണമായി ദൈവത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. " അത് മനുഷ്യർക്ക് അസാദ്ധ്യം എങ്കിലും ദൈവത്തിന് സകലവും സാദ്ധ്യം എന്നു പറഞ്ഞു " (മത്താ. 19:26). അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് " (കൊലൊ. 2:9). അവിടുത്തെ നാമത്തിൽ വസിക്കുന്നവൻ, മനുഷ്യന് അസാദ്ധ്യമെന്ന് തോന്നുന്ന കാര്യങ്ങൾ സാദ്ധ്യമാക്കിത്തീർത്ത് ഓരോ ദിവസവും വിശ്വാസമുള്ളവരായി ധ്യാനത്തിന്റെ നിറവുകളിലും നിറഞ്ഞു വരുന്നു.

ക്രിസ്തു കേവലം മേശകളെ അനുഗ്രഹിച്ച് പട്ടിണിയില്ലാതെ കാക്കുന്നവൻ മാത്രമല്ല, അവരുടെ കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തു രാജകീയമായ ഒരു വിരുന്നു ഒരുക്കുന്നു. നിങ്ങളുടെ ശരീരത്തെ കഷ്ടിച്ച് മറെയ്ക്കുന്ന കഷ്ടിച്ചുള്ള വസ്ത്രങ്ങളായിട്ടല്ല, അവിടുന്ന് വിശേഷവസ്ത്രം നമ്മെ ധരിപ്പിക്കുന്നു, നമ്മുടെ കാതുകൾക്ക് കമ്മലുകളും, നിങ്ങളുടെ കഴുത്തിൽ ആഭരണങ്ങളും, തലയിൽ രാജകീയമായ കിരീടം, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് തന്റെ നിറവുകളിൽ നിന്നും തന്റെ വിശുദ്ധന്മാർക്കു നൽകുന്നു. ഈ നിറവുകൾ നിങ്ങൾക്കില്ലെങ്കിൽ കുറ്റം നിങ്ങളുടെ മേൽ ഇരിക്കുന്നു. വിശ്വാസത്താൽ നാം അവകാശമാക്കേണ്ടതാണ്. പലപ്പോഴും നാം ചപ്പുചവറുകളുടെ കൂനയിൽ ഒരു യാചകനെപ്പോലെ ഇരിക്കാറുണ്ട്. കർത്താവിൽ സന്തോഷിക്കേണ്ടതിന് പകരം ഞരങ്ങിയും കരഞ്ഞും അങ്ങനെ കാണാറുണ്ട്. ഞരക്കത്തെ ഓർത്ത് ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു, ഒരു വേള ശ്രേഷ്ടമായ ഒരു വഴിയുണ്ട്. വിശ്വസ്തതയോടെ മോഹിപ്പിക്കുന്ന ഒരു ശ്രേഷ്ടമായ വരം. കർത്താവായ യേശുക്രിസ്തുവിന്റെ നിറവിൽ നിങ്ങൾ സമ്പന്നരാണ്; എഴുന്നേൽക്കു, ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും, ഉന്നത തലങ്ങളിൽ, യേശുക്രിസ്തുവിന്റെ നിറവുകൾ നിങ്ങൾക്ക് യാഥാർത്ഥ്യമാകുന്നതിനുവേണ്ടി.

ക്രിസ്തുവിന്റെ നിറവു - വിശുദ്ധന്മാരുടെ ഉറവ

By Charles H. Spurgeon

കർത്താവിൽ സമ്പന്നമായിരിക്കുന്ന അനുഭവം, നാം അത് അറിയുന്നു, സഭയുടെ പ്രയാസങ്ങൾ പറയുന്നത് പകരം, വേദനകൾ പങ്കിടുന്നതിന് പകരം, കർത്താവിങ്കലെ സന്തോഷം നമ്മുടെ കുന്നിൻ മുകളിൽ നിന്നും വെള്ളം ശക്തിയായി ഒഴുകുന്നതുപോലെ, യേശുവിൽ നിന്നും ശക്തിയെ പ്രാപിച്ച് അത്ഭുത ശക്തിയായി, ഓരോ പ്രതികൂലങ്ങളെയും തള്ളി മാറ്റി, നമ്മുടെ ആത്മാക്കൾക്ക് വക്കോളം നിറയുന്ന അനുഭവമായിരിക്കേണം. ഈ ക്രിസ്തുവിന്റെ നിറവിനെക്കുറിച്ച് അറിയുവാൻ ദൈവം നമുക്ക് കൃപ ചെയ്യട്ടേ, ആ നിറവിന്റെ ബലത്തിൽ നമുക്കു, " പോകാം നമുക്കു മുന്നോട്ട്, ഉയരങ്ങളിലേക്ക് ".

ക്രിസ്തു തരുവാൻ സന്തോഷിക്കുന്നു

പിതാവ് തന്റെ കൃപകൾ ക്രിസ്തുവിൽ നൽകുന്നു കാരണം പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്. ഇത് പിതാവിന് പ്രസാദം തോന്നിയിട്ട് തന്റെ ദിവ്യത്വത്താൽ തന്നെക്കുറിച്ച് എപ്പോഴും വിശ്വാസികളിലേക്ക് പകർന്നു കൊടുക്കുവാന്തക്കവണ്ണം, വലിയവനായ ദൈവത്തിന്റെ ഹൃദയം സന്തോഷമുള്ളതായിത്തീരുന്നു.

വരിക, ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും, നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ വേഗത്തിൽ നിങ്ങൾ നിറയപ്പെടേണ്ടതിന്, നിങ്ങളുടെ ഹൃദയം വാഞ്ഛിക്കുന്നതുപോലെ, അതെ, കൃപയുടെ ഉയർന്ന അളവിൽ പ്രാപിക്കാനായി, നിങ്ങൾക്ക് അത് ഉണ്ടാകുവാനായി, അതെ, ക്രിസ്തു നിങ്ങളിൽ സന്തോഷിക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ ഒരു വിശുദ്ധമായ ലക്ഷ്യം ഉണ്ടാകേണ്ടതിനായി ഞാൻ ഇടപെടുന്നു, നിങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ഉന്നത നിലവാരം പുലർത്തേണ്ടതിന് ഞാൻ നിങ്ങളെ ശാസിക്കുവാനാഗ്രഹിക്കുന്നു. ക്രിസ്തീയ ആരാധനയിലെ ഉന്നതമായ നിലവാരം. നിങ്ങൾ പ്രാപിച്ചിരിക്കുന്നതിന്റെ പ്രതിജ്ഞയാണ് നിങ്ങൾ പ്രാപിക്കാൻ പോകുന്ന കാര്യം. ക്രിസ്തു നിങ്ങളുടേതാണ്, അതിനാൽ എല്ലാം നിങ്ങൾക്കുള്ളതാണ്. സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നൽകാതിരിക്കുമോ? " (റോമർ 8:32). ഞാൻ നിങ്ങളെ അനുഗ്രഹിക്കുന്നു, ഈ വേദഭാഗം നിങ്ങളുടെ ഹൃദയങ്ങളിലേക്ക് പ്രവേശിക്കട്ടെ, നിങ്ങൾ പ്രാർത്ഥനയിൽ ഉത്തേജിക്കപ്പെട്ടു, അഥവാ പരീക്ഷിക്കപ്പെട്ടു പറയുന്നു, " അതെ ഇവിടെയല്ല, വളരെ ഉയരത്തിൽ എത്തുവാൻ എനിക്ക് കഴികയില്ല, അതിന് എനിക്ക് യോഗ്യതയില്ല, അതെ, ഞാൻ പ്രാർത്ഥിക്കും, ഓർക്കുക വരം നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്നു, ശ്രേഷ്ടമായ കാര്യങ്ങൾ ചോദിക്കുവാൻ നിങ്ങളുടെ വായെ കർത്താവ് തുറക്കട്ടെ. പിതാവു പുത്രനെ നമുക്കു നൽകി, എങ്ങനെ തനിക്ക് നമ്മുടെ കാര്യങ്ങളെ നിഷേധിക്കുവാൻ കഴിയും?

എന്റെ ഇന്നത്തെ അപേക്ഷയിൽ ഒരു അതൃപ്തി തോന്നുന്നു; എന്റെ ദൈവത്തെ ഒന്നറിയണം. ഞാൻ അവിടുത്തെയ്ക്കു വേണ്ടി ഇതുവരെയും ഒന്നും ചെയ്തിട്ടില്ല എന്ന അതൃപ്തി എനിക്കുണ്ട്, തന്റെ നാമത്തിന്റെ മഹത്വത്തിനു വേണ്ടി പത്തിരിട്ടി ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് അങ്ങനെ തോന്നുന്നുണ്ടോ? അങ്ങനെയെങ്കിൽ ദൈവിക സ്പർശനം നിങ്ങൾക്ക് ലഭിക്കും. അതെ, നിങ്ങൾ ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ലഭിക്കും.

വലിയവ പ്രതീക്ഷിക്കുക

വലിയ കാര്യങ്ങൾ വിശ്വസിക്കുക. ദൈവം ചെയ്യാനുദ്ദേശിക്കുന്നതിനെക്കുറിച്ച് വലിയ വിശ്വാസം ഉള്ളവരായിരിക്കുക. വിശ്വസിക്കുന്ന ഈ കാര്യങ്ങളെക്കുറിച്ച് വലിയ പ്രതീക്ഷയുള്ളവരായിരിക്കുക. വലിയ അത്ഭുതങ്ങൾ നടക്കും എന്ന് നോക്കിപ്പാർക്കുക. സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെയുണ്ട്. അതു

(ശേഷം 8-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയ്ക്കും പ്രവർത്തിക്കും വേണ്ടതായ ശക്തി

വിന്റെ വേലയ്ക്കു പ്രയോജനമുള്ളതാകയാൽ, അതിനു വേണ്ടി അപേക്ഷിക്കുന്നതിനാൽ, തന്നെത്താൻ കർത്താവിന്റെ ദാസനായി ഏല്പിച്ച് കർത്താവിന്റെ സന്തോഷം അന്വേഷിക്കുന്നു. പ്രാർത്ഥന, പഠിപ്പിക്കുക മാത്രമല്ല വേലയ്ക്കു വേണ്ടി ബലപ്പെടുത്തുകയും ചെയ്യുന്നു. വേല, പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നു.

ആത്മിക ലോകത്തിലും പ്രാകൃത ലോകത്തിലും നല്ലതിനെ പിടിച്ചു കൊൾക എന്നത് ഒരു പൊതുവായ കാര്യമാണ്. ആരെങ്കിലും, എന്തെങ്കിലും അവന് കൊടുത്താൽ അഥവാ, അവൻ അല്പത്തിൽ വിശ്വസ്തനായിരുന്നാൽ, അവൻ അധികത്തിലും വിശ്വസ്തൻ ആയിരിക്കും.

മോശെ മത്സരമുള്ള ജനത്തിന്റെ പൂർണ്ണ ചുമതല എടുക്കേണ്ടി വന്നപ്പോൾ, ആവശ്യങ്ങളുണ്ടായപ്പോൾ, എന്നാൽ താൻ ധൈര്യമുള്ളവനായി, ദൈവത്തോട് ശക്തമായി സംസാരിച്ചു, തന്റെ ആവശ്യങ്ങൾ പറഞ്ഞു (പുറ. 33:12, 15,18). നിങ്ങൾ നിങ്ങളത്തന്നെ ദൈവത്തിന്റെ വേലയ്ക്കായി പൂർണ്ണമായി സമർപ്പിച്ചു എങ്കിൽ, നിങ്ങൾ ആയിരിക്കുന്ന ആവശ്യങ്ങളുടെ മുഖത്ത്, അത് അവകാശമാക്കി പ്രാർത്ഥിക്കുവാൻ, ഒട്ടും കുറയാതെ ഉറപ്പോടും പ്രതീക്ഷയോടും പ്രാർത്ഥിക്കേണം.

പ്രിയ ക്രിസ്തു വിശ്വാസിയേ, നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു, നിയോഗിക്കപ്പെട്ടവൻ, ക്രിസ്തുവിന്റെ പ്രവർത്തി ചെയ്യുക, കാരണം അവിടുന്നു പിതാവിന്റെ അടുക്കൽ പോയിരിക്കുന്നു, ശക്തി ഏറ്റെടുത്ത് നിങ്ങളിൽ, നിങ്ങളിലൂടെ പ്രവർത്തിക്കുവാൻ. "ആരെങ്കിലും എന്റെ നാമത്തിൽ ചോദിച്ചാൽ ഞാൻ ചെയ്തു തരും" .

നിങ്ങളെത്തന്നെ ഏല്പിക്കുക, ജീവിക്കുക, പ്രാർത്ഥിക്കുക, ക്രിസ്തുവിന്റെ വേല ചെയ്യുക, അത്ഭുതകരമായ മറുപടി ദൈവത്തിൽ നിന്നും പ്രാപിക്കുക. നിങ്ങളെത്തന്നെ ഏല്പിക്കുക, ജീവിക്കുക, പ്രാർത്ഥിക്കുക, അവിടുന്ന് ചെയ്ത പ്രവൃത്തി ചെയ്യുക, വലിയവേല ചെയ്യുക. അവിടുത്തെ ശിഷ്യന്മാരോട് ചേർന്ന്, പൂർണ്ണവിശ്വാസത്തോടുകൂടെ, പ്രാർത്ഥനയിൽ ശക്തന്മാരായി ദൈവത്തിനായി വങ്കാര്യങ്ങൾ ചെയ്യുക, ക്രിസ്തു ലോകത്തെ നിങ്ങൾക്ക് കീഴ്പെടുത്തിതരും.

എന്റെ കർത്താവേ, ഞാൻ ഇന്നു അങ്ങിൽ നിന്നും കേട്ടു എന്റെ ആവശ്യങ്ങളുമായി അവിടുത്തെ സന്നിധിയിലേക്കു വരുന്നു. കഴിഞ്ഞ നാളുകളിൽ എനിക്ക് കഴിഞ്ഞില്ല, എന്നാൽ ഒരു കൊച്ചു കുട്ടിയെപ്പോലെ എനിക്കു വേണ്ടിയുള്ള വരങ്ങളെ ഞാൻ ഏറ്റെടുക്കുന്നു. അവിടുന്ന് പറഞ്ഞത് അവിടുന്ന്, പോകുന്നത് നമുക്കു പ്രയോജനം, അവിടുന്ന് ചെയ്ത പ്രവർത്തി അവിടുത്തെ വിശ്വസിക്കുന്നവനും ചെയ്യും. പിതാവിന്റെ അടുക്കൽ പോകുന്നത് കൊണ്ട് അധികവും ചെയ്യും. കർത്താവേ, മഹത്വവാനായ ദൈവത്തെ ഞാൻ ആരാധിക്കുന്നു, അവിടുത്തെ വാഗ്ദത്തത്തിന്റെ നിറവിനായി ഞാൻ കാത്തിരിക്കുന്നു. എന്റെ മുഴുജീവിതവും തുടർച്ചയായി അങ്ങയിൽ വിശ്വസിപ്പാൻ കൃപ നൽകുമാറാകട്ടെ. അതുകൊണ്ട് എന്റെ ഹൃദയത്തെ വിശുദ്ധീകരിക്കേണമേ. അവിടുത്തെ ദയകൊണ്ടും സ്നേഹം കൊണ്ടും എന്നെ നിറയ്ക്കേണമേ, അങ്ങയിൽ വിശ്വസിച്ചുകൊണ്ട് ഓരോ നിമിഷവും ജീവിപ്പാൻ കൃപ ചെയ്യേണമേ.

അവിടുന്ന് പറഞ്ഞത് അവിടുന്ന് പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ, എന്തുചോദിച്ചാലും ഞാൻ ചെയ്തു തരും. അവിടുത്തെ സിംഹാസനത്തിന്റെ ശക്തിയാൽ, അവിടുത്തെ ശക്തി അവിടുത്തെ ജനത്തിന് നൽകുമ്പോൾ, അവർ അവിടുത്തെ ശരീരത്തിലെ അവയവും എന്ന നിലയിൽ അവരിലൂടെ പ്രവർത്തിക്കേണമേ, അവിടുത്തെ നാമത്തിൽ കഴിക്കുന്ന പ്രാർത്ഥനയെന്നവണ്ണം അങ്ങനെ ചെയ്യേണമേ. പ്രാർത്ഥനയുടെ ശക്തിയാൽ, മനുഷ്യരുടെമേൽ പ്രവർത്തിക്കുന്ന ശക്തിയാൽ, അവിടുത്തെ ജനത്തോട് വാഗ്ദത്തം ചെയ്തത് ചെയ്യേണമേ, അടിയനോടും ഉള്ള വാഗ്ദത്തെ ഓർക്കേണമേ.

വാഴ്ത്തപ്പെട്ട കർത്താവേ, അങ്ങയിലും അങ്ങയുടെ വാഗ്ദത്തങ്ങളിലും ഉള്ള അടിയങ്ങളുടെ വിശ്വാസത്തിലെ കുറവു ക്ഷമിക്കേണമേ. സ്വർഗ്ഗത്തിലും ഭൂമിയിലും മേലായ നാമത്തെ ബഹുമാനിക്കുന്നതിൽ ഞങ്ങളുള്ള കുറവുകളെ ക്ഷമിക്കേണമേ.

കർത്താവേ, സ്വർഗ്ഗത്തിലും ഭൂമിയിലും സകല നാമത്തെക്കാളും ഉന്നതമായ നാമമാണ് അവിടുത്തെ നാമം എന്ന് തെളിയിപ്പാൻ അടിയനെ അനുഗ്രഹിക്കേണമേ. അതേ, അതുകൊണ്ട് പ്രാർത്ഥനയിലും പ്രവൃത്തിയിലും അവിടുന്ന് തന്നെത്തന്നെ മഹത്വീകരിക്കുന്ന സർവ്വശക്തനായവൻ, അവിടുത്തെ പ്രവൃത്തി അടിയനിലൂടെ ചെയ്യണമേ. ആമേൻ.

❖

ധാരാളമായി കുടിക്കുക

By Octavius Winslow

" അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് "(കൊലൊ. 2:9).

ദൈവം " ജീവന്റെ ഉറവയാണ് ", വെളിച്ചമാണ്, കൃപയാണ്. ക്രിസ്തുവിനെ നിയോഗിച്ചയച്ചു, അവിടുത്തെ പ്രിയപുത്രൻ ആണ്, പാപികളെ രക്ഷിക്കുവാനുള്ള ഏക ഉറവിടമാണ് വിശുദ്ധന്മാർ വ്യക്തിപരമായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു (യോഹ 1:216).

നാം സ്ഥിരമായി പ്രാപിപ്പാൻ തക്കവണ്ണം നമ്മെ നിറയ്ക്കുന്നവനുള്ള നിറവുകൾ ഉള്ളവനായ യേശു നമുക്ക് എത്ര വിലപ്പെട്ടവനാണ്! അത് നമുക്കുവേണ്ടി തെളിയിക്കപ്പെട്ട സത്യമാണ്, എന്നാൽ നാം പ്രാപിച്ചിട്ട് അതിന് തക്കവണ്ണം ദൈവത്തിന് മഹത്വം കൊടുക്കേണ്ടതാണ്. നമ്മുടെ ഉറവിടങ്ങൾ ആന്തരികങ്ങളാണ് കാരണം അനന്തമാണ്. നമുക്ക് ഇഷ്ടംപോലെ ഓടിച്ചെല്ലുവാനും സാദ്ധ്യമല്ല, വലിച്ചു ഇഷ്ടംപോലെ ഉപയോഗിക്കുവാനും പാടില്ല. പകരുക, അവിടുത്തെ കൃപയും സ്നേഹവും നമ്മുടെ ഹൃദയങ്ങളിൽ! അതെ എത്ര ആഴമേറിയതാണ് നമ്മിൽ വസിക്കുന്ന കൃപ! തന്റെ സ്നേഹം എത്ര ആവേശകരം! തന്റെ നിറവുകളിൽ നിന്നുള്ള തന്റെ സമൃദ്ധിയായ പകർച്ച എത്ര അനുഗ്രഹിക്കപ്പെട്ടത്! നമ്മുടെ ആത്മാവിൽ എത്ര വലിയ ഉണർവ്വ് അത് നൽകുന്നു.

വാഴ്ത്തപ്പെട്ടയേശുവേ വരേണമേ, അരിയുന്ന പുല്ലിന്മേൽ മഴ ചൊരിയേണമേ! ഞങ്ങളുടെ ഹൃദയത്തിന്റെ തോട്ടങ്ങളിൽ, ഒരു സുഗന്ധക്കാറ്റായി ആത്മാവിന്റെ തെക്കൻ കാറ്റേ ഊതുക!

കിണർ ആഴമുള്ളത്, പിന്നെ എവിടെ നിന്നും ഊതുക! വിശ്വാസത്താൽ ഇത് സാദ്ധ്യം, വിശ്വാസത്തിന്റെ ബലത്തിന്റെ അളവനുസരിച്ച് ക്രിസ്തുവിന്റെ നേരിട്ടുള്ള ലളിതമായ ഇടപെടലിനാൽ ഇതു സാദ്ധ്യം, ധാരാളമായി ലഭിക്കും, കുടിക്ക അതെ കുടിക്ക ധാരാളമായി സ്നേഹിതരേ, സഭയിലേക്കുള്ള കൃപയുള്ള കർത്താവിന്റെ ക്ഷണം

❖

(2-ാംപേജിന്റെ തുടർച്ച)

ജയിക്കുന്ന ജീവിതം

ത്തിന്റെ ഉറവിടങ്ങൾ എന്നതാണ് ഞാൻ പ്രതീക്ഷിച്ചത് ക്രിസ്തീയ ജീവിതത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വ്യക്തമായ കാര്യം സംസാരിക്കുമെന്നായിരുന്നു. ആരംഭവാക്കുകൾ എന്റെ മൂഡത്തരത്തെ തുറന്നു കാട്ടുന്നവയായിരുന്നു. ഏകദേശം അത് ഇങ്ങനെയാണ്, “ ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടം, പ്രീയരേ, ക്രിസ്തു തന്നെയാണ്. അത് എല്ലാം ആയിരുന്നു, എന്നാൽ അത് മതിയായിരുന്നു. അതിന് ശേഷം അദ്ദേഹത്തോടു എന്റെ വ്യക്തിപരമായ ആവശ്യങ്ങളെയും ആവലാതികളേയുംകുറിച്ച് പറയുമ്പോൾ, അദ്ദേഹം വളരെ ലളിതമായി എന്നോട് പറഞ്ഞു: “ പ്രീയ, ട്രംബുൾ, ഏറിയ വിശ്വാസത്തോടുകൂടെ നാം കർത്താവിനോട് അടുത്തു വരും എങ്കിൽ അവിടുന്ന് കുറച്ച് അധികം നമുക്കു വേണ്ടി ചെയ്യും”.

ഞാൻ ബ്രിട്ടണിൽ നിന്നും തിരിച്ചു വരും മുമ്പ് ഒരിക്കൽ കൂടെ ആ ചിന്ത എന്നെ ഭരിക്കുകയുണ്ടായി, ക്രിസ്തുവിനെ ഞാൻ അറിയേണ്ടും വണ്ണം അറിഞ്ഞിട്ടില്ല, ലണ്ടനിലെ ഒരു സഭയിൽ വച്ചു എന്റെ ഒരു സുഹൃത്ത് പ്രസംഗിച്ച പ്രസംഗം ഞാൻ കേട്ടു, ഒരു യുവ ശുശ്രൂഷകൻ, റവ.റിച്ചാർഡ് റോബർട്സ്, അദ്ദേഹത്തിന്റെ വേദഭാഗം ഫിലി. 1:21, “ എനിക്ക് ജീവിക്കുന്നത് ക്രിസ്തു ” “ഇത് അതേ വിഷയമായിരുന്നു വെളിപ്പെടുത്തുന്ന “ ജീവിതം അത് ക്രിസ്തു ആണ്”, ക്രിസ്തു ഒരു മുഴു ജീവിതം എന്ന നിലയിൽ ഒരേയൊരു ജീവിതവും ആയിരുന്നു.

അതിന് അല്പം ശേഷമായി, ഒരു കോൺഫറൻസിൽ സംബന്ധിക്കുമ്പോൾ, ബിഷപ്പ് ഒൽദം എന്ന ഇൻഡ്യക്കാരൻ സംസാരിച്ച ഒരു വിഷയം, “ ജീവജലം” അദ്ദേഹം ഞങ്ങളോട് പറഞ്ഞത് ദൈവത്തിന്റെ ഇഷ്ടവും ഉദ്ദേശവും എന്നത് ഓരോരുത്തന്റെ അനുഗാമിയും ജീവന്റെ ജലം മറ്റുള്ളവരിലേക്ക് ശക്തമായി ഒഴുക്കാൻ ശ്രദ്ധിക്കേണ്ടതാണ്, ക്രിസ്തുവിന്റെ സ്വന്തം വാക്കുകൾ അതിന് ഉപോത്ബലകമായിട്ടുണ്ട്. “എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തുകൾ പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു ”. അദ്ദേഹം പറഞ്ഞത് ചിലർക്ക് അല്പം മാത്രം ജീവജലം കൈവശമായിട്ടുണ്ട്, ഒരു ചെറിയ ബക്കറ്റിൽ കുറേശ്ശാ എത്തിക്കാതെ, ജലസേചന പദ്ധതിപോലെ ടാപ്പ് തുറക്കുമ്പോൾ കിട്ടുന്നതുപോലെയുമല്ല, ശക്തിയായി ഒഴുക്കി, മറ്റുള്ളവർക്ക് തടസമില്ലാതെ ഒഴുക്കി ജീവൻ പ്രാപിക്കുമാറ് സമൃദ്ധിയായ ജീവൻ ഉണ്ടാകുമാറു ഒന്നിനാലും തടസപ്പെടുത്തുവാൻ കഴിയാത്ത ശക്തമായ ഒഴുക്കായി എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു സ്ത്രീയെ അദ്ദേഹം പരിചയപ്പെടുത്തി. അവർ ആണ്ടിൽ ഒരിക്കലാണ് ക്രിസ്തുവിനെ സാക്ഷിക്കുന്നത്.

തുടർച്ചയായ പ്രാർത്ഥന

അടുത്ത പ്രഭാതത്തിൽ ഞാൻ എന്റെ മുറിയിൽ തനിച്ചിരിക്കുമ്പോൾ എങ്ങനെയാണ് മുന്നോട്ടുള്ള വഴിയെന്നു ഞാൻ ചോദിച്ചു. അവിടെ ദൈവത്തിന്റെ കരുതലുണ്ടായിരുന്നെങ്കിൽ, അത് എനിക്കുണ്ടായില്ല, എനിക്കത് വിദൂരത്തിലായിരുന്നു, ഞാൻ ദൈവത്തോട് ചോദിച്ചു, അതെനിക്കു തരേണമേ. എന്റെ പക്കൽ റിച്ചാർഡ് റോബർട്ട്സിന്റെ പ്രസംഗം ഉണ്ടായിരുന്നു, “ എനിക്ക് ജീവിക്കുന്നത് ക്രിസ്തുവാകുന്നു”, ഞാൻ എഴുന്നേറ്റു പഠിക്കാൻ തുടങ്ങി. അപ്പോൾ ഞാൻ വീണ്ടും പ്രാർത്ഥിച്ചു, ദൈവമേ, അവിടുത്തെ ദീർഘക്ഷമയാൽ, ക്ഷമ, സ്നേഹം, എന്റെ അപേക്ഷ കേൾക്കേണമേ. അവിടുന്ന് എനിക്കു ഒരു പുതിയ ക്രിസ്തുവിനെ തന്നു. ചിന്താഗതി, മനസാക്ഷി എല്ലാം പുതിയത്, ക്രിസ്തു എന്റേതായിത്തീർന്നു.

എവിടെയാണ് വ്യത്യാസം? എന്റെ ജീവിതത്തിൽ അത് യാഥാർത്ഥ്യമായിത്തീർന്നു. തിരുവചനത്തിൽ അനേക വേദഭാഗങ്ങൾ അതിന് ഉപോത്ബലകമായിട്ടുണ്ട്. ക്രിസ്തു നിങ്ങളിൽ, നിങ്ങളിൽ ക്രിസ്തു, ക്രിസ്തു നമ്മുടെ ജീവൻ, ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു, അക്ഷരീകമായ യഥാർത്ഥമായ, അനുഗ്രഹിക്കപ്പെട്ട വസ്തുത. യോഹന്നാൻ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ അനുഗ്രഹിക്കപ്പെട്ട ഒരു വേദഭാഗമുണ്ട്. പുതിയ ജീവിതത്തെക്കുറിച്ച് ഞാൻ അത് വായിച്ചു, കൂടാതെ, എഫെ. 3:14-21, ഗലാ 2:20, ഫിലി. 1:21.

ഞാൻ വിളിച്ചു പറഞ്ഞു ക്രിസ്തു ആണ് രക്ഷകൻ, എന്നാൽ പുറമേ രക്ഷിക്കുന്ന രക്ഷകനായി അവിടുത്തെ കണ്ടു, അവിടുന്ന് എനിക്കു വേണ്ടി പ്രവർത്തിക്കുന്നു. എനിക്ക് പുറമേ നിന്നും രക്ഷ വരുന്നു, അങ്ങനെയായിരുന്നു, ഒരുവൻ എന്നോട് ചേർന്നു നില്ക്കുവാൻ തയ്യാറായാൽ എന്നോടു ചേർന്നു നിന്നാൽ, എന്റെ ആവശ്യങ്ങളുടെ മുഖത്ത് എന്നെ സഹായിക്കുന്നു എനിക്ക് ശക്തിയും ബലവും രക്ഷയും തന്നു നടത്തുന്നു. എന്നാൽ ഞാൻ ഇപ്പോൾ അറിയുന്നു. അതിനെക്കാൾ നല്ലതാണത്. ഏറ്റവും ഒടുവിൽ യേശുക്രിസ്തു അക്ഷരികമായി എന്നിൽ ഉണ്ട്, അതിലുപരി, എന്റെ മുഴുജീവിതത്തേയും അവിടുന്ന് പരിപാലിച്ചു നടത്തുന്നു (അവിടുത്തോട് എതിർത്തു നില്ക്കാതിരുന്നാൽ), എന്റെ ദേഹം, ദേഹി, ആത്മാവ്, എന്റെ സ്വയവും കൂടെ. നമുക്കു സഹായകനായി മാത്രം കർത്താവു ആയിരിക്കുന്നുവോ, എന്നാൽ യേശു നമുക്ക് ദൈവമായി, കർത്താവായി, നമുക്കു സ്വന്തമായി എന്നേയ്ക്കുമായി ഇല്ലയോ?

അതിനർത്ഥം എന്നെ സഹായിക്കേണമേ എന്ന് നിരന്തരം പറയുകയല്ല, അവിടുന്ന് നമ്മിൽ വസിച്ച് തന്റെ ഇഷ്ടം തന്റെ പ്രവർത്തി എന്നിൽ ചെയ്യുന്നു, എന്നോടുകൂടെ ചെയ്യുന്നു, എന്നിലൂടെ ചെയ്യുന്നു. എന്റെ ശരീരം അവിടുത്തെ വക, എന്റെ മനസ് അവിടുത്തേത്, എന്റെ ഇഷ്ടം അവിടുത്തേത്, എന്റെ ആത്മാവ് അവിടുത്തേത്, വെറുതെ അവിടുത്തേത് എന്നല്ല അക്ഷരീകമായി തന്നെ അവിടുത്തെ വകയാണ്. “ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു....” യേശു ക്രിസ്തു തന്നെ നമ്മുടെ ജീവിതം ഉളവാക്കി എന്നുള്ളത് അക്ഷരീകവും വ്യക്തവുമായ വസ്തുതയാണ്. “ ..... സകലവും അവൻ മുഖാന്തരവും അവനായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു..... അവൻ സകലത്തിനും ആധാരമായിത്തീർന്നു ” (കൊലൊ. 1:16,17).

പൗലൊസ് ആനന്ദത്തോടെ പറയുന്നു, “എനിക്ക് ജീവിക്കുന്നതു ക്രിസ്തു ” എന്ന വചനത്തിൽ നിങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടോ? അദ്ദേഹത്തിന് തെറ്റ് പറ്റിയില്ല, “ എനിക്ക് ജീവിക്കുന്നത് ക്രിസ്തുവിനെപ്പോലെയായിരിക്കണം” എന്നല്ല, എനിക്ക് ജീവിക്കുന്നത് ക്രിസ്തുവിന്റെ സഹായത്തിലായിരിക്കണം” എന്നല്ല, “ എനിക്ക് ജീവിക്കുന്നത് ക്രിസ്തുവിന്റെ സഹായത്തിലായിരിക്കണം എന്നുമല്ല, കർത്താവിന്റെ സേവ ചെയ്തു എനിക്കു ജീവിക്കേണം എന്നുമല്ല. താൻ ഉറപ്പോടെ ധൈര്യത്തോടെ ആ മഹത്വകരമായ മർമ്മ പ്രധാനമായ പ്രസ്താവന നടത്തുന്നു, “ എനിക്ക് ജീവിക്കുന്നതു ക്രിസ്തു ”. നേരത്തെ എനിക്ക് ഈ വാക്യം മനസിലായിട്ടില്ലായിരുന്നു. ഇപ്പോൾ എനിക്ക് മനസിലായി ഇതിന്റെ തിള

(ശേഷം 8-ാംപേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ജയിക്കുന്ന ജീവിതം

ങ്ങുന്ന അത്ഭുതകരമായ അർത്ഥം.

വ്യക്തിപരമായ അറിവ്

അതുകൊണ്ടാണ് ഞാൻ എന്നെക്കുറിച്ച് തന്നെ അറിയുന്നത് എനിക്ക് ഒരു ജീവിതമുണ്ട് അത് ജയിക്കുവാനുള്ളതാണ്. ഇത് യേശുക്രിസ്തുവിന്റെ ജീവിതമാണ്. അവിടുന്ന് പ്രവേശിക്കുന്നതിനുവേണ്ടി പ്രാർത്ഥിച്ച് ജീവിതത്തെ ഏല്പിച്ചു കൊടുത്തു നമ്മെതന്നെ താഴ്ത്തി പൂർണ്ണമായി, നമ്മുടെ ഇഷ്ടം അവിടുത്തെ ഇഷ്ടമായിത്തീർന്നു, അവിടുത്തെ നമ്മുടെ ജീവിതത്തിന്റെ ഗുരുവും രക്ഷകനുമായി അംഗീകരിക്കുന്നു. ദൈവത്തിന്റെ എല്ലാ നിറവിനാലും നമ്മെ നിറയ്ക്കുന്നു.

ഒരുവൻ യേശുവിനെ സ്വീകരിച്ച്, അവിടുന്ന് തന്റെ നിറവുകളാൽ, നമ്മെ നിറെച്ചിരിക്കുമ്പോൾ, വീണ്ടും പാപം ചെയ്യാൻ കഴിയുകയില്ല. “ക്രിസ്തുവിന്റെ ജീവിതം” നമ്മുടെ സ്വന്തന്ത്ര ഇഷ്ടത്തെ ഉപേക്ഷിക്കുന്നു, ആ സ്വതന്ത്ര ഇഷ്ടം ക്രിസ്തുവിനോട് എതിർത്തു നില്ക്കുന്നു; എന്റെ ജീവിതം, ഞാൻ സംസാരിക്കുന്ന എന്റെ പുതിയ ജീവിതം, എതിർക്കുന്ന ആ പാപ ജീവിതത്തെ എഴുതിരേഖയായി സൂക്ഷിക്കുന്നു. എന്നാൽ ഞാൻ മനസിലാക്കിയത് തോൽവികൾക്കുശേഷമുള്ള ഉദ്ധാരണം പ്രകൃത്യാതീതമായി അനുഗ്രഹിക്കപ്പെട്ടതാണ്, സ്ഥിരമായി അനുഗ്രമാണ്, പൂർണ്ണമായ അനുഗ്രഹമാണ്. ഞാൻ മനസിലാക്കിയത് ഞാൻ പൂർണ്ണമായി ക്രിസ്തുവിന് എന്നെ സമർപ്പിച്ചരിക്കുമ്പോൾ, എനിക്ക് പാപത്തിനെതിരെ വലിയ പോരാട്ടം നടത്തേണ്ട ആവശ്യമില്ല. എന്നാൽ പാപത്തിന്റെ ശക്തിയിൽ നിന്നും അതിന്റെ ആഗ്രഹങ്ങളിൽ നിന്നും ഒരു പൂർണ്ണ സ്വാതന്ത്ര്യം കർത്താവ് എനിക്ക് നൽകിയിരിക്കുന്നു. ആ സ്വാതന്ത്ര്യം ഞാൻ പഠിച്ചു. അത് പിടിച്ചടക്കുന്നതിനെക്കാൾ വലിയതാണ്. ഇടയനില്ലാതെ തുടർച്ചയായി അത് എന്നെ ഭരിക്കുന്നു എന്ന് ഞാൻ അംഗീകരിക്കുമ്പോൾ ക്രിസ്തു എന്നെ കഴുകുന്നവനും ഭരിക്കുന്നവനും ആകുന്നു.

ആവശ്യങ്ങൾ നടത്തുന്നു.

തുടക്കത്തിൽ ഞാൻ പ്രസ്താവിച്ച മൂന്ന് ആവശ്യങ്ങൾ അത്ഭുതകരമായി നിർവ്വഹിക്കപ്പെടുന്നു.

1. എന്നെപോറ്റി പുലർത്തുന്ന ദൈവത്തിന്റെ കൂട്ടായ്മ, എന്റെ ജീവിതത്തിൽ ഒരിക്കൽ പോലും അറിഞ്ഞിട്ടില്ലാത്തവിധം നിത്യമായ നന്മയാണത്.

2. അക്ഷരികരായിതന്നെ ഒരു പുതിയ വിജയം, സ്വാതന്ത്ര്യത്താൽ ഉള്ള വിജയം, മുറുകെപ്പറ്റുന്ന പാപത്തിൽ നിന്നുള്ള വിടുതൽ ക്രിസ്തുവിൽ ആശ്രയിച്ച് പ്രാപിക്കുന്ന സ്വാതന്ത്ര്യം.

3. അവസാനമായി, ഭൂമിയിൽ ഒരിടത്തു നിന്നും സാദ്ധ്യമല്ലാത്ത സ്വർഗ്ഗീയ സന്തോഷത്തെ പങ്കിടുന്ന ആരാധന എന്ന ആത്മിക മായ ഫലം. എന്റെ ആറു ഉറ്റ കൂട്ടുകാർ, മിക്കവരും നല്ല വിശ്വാസികൾ, കർത്താവിനാൽ വ്യത്യാസപ്പെടുത്തപ്പെട്ടവർ, കർത്താവിനെ മുറുകെപ്പിടിച്ച്, ഈ പുതിയ അനുഭവത്തിൽ ദൈവത്തിന്റെ എല്ലാ നിറവിനാലും നിറഞ്ഞവർ. ജീവിതം പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചവർ, സാക്ഷ്യമുള്ളവർ എന്നാൽ ദൈവം ആഗ്രഹിക്കുന്ന നിലയിൽ മറ്റുള്ളവർക്ക് ഈ അനുഭവം പകർന്നു കൊടുക്കുവാൻ അവർക്ക് കഴിയുന്നില്ല.

യേശുക്രിസ്തു നമ്മുടെ ജീവിതത്തിൽ വെറും ഒരു സഹായകൻ ആയിരിക്കുവാനാഗ്രഹിക്കുന്നില്ല; അവിടുന്നു നമ്മുടെ ജീവിതത്തെ ആവശ്യപ്പെടുന്നു. നാം ദൈവത്തിനു വേണ്ടി പ്രവർത്തിക്കണം എന്ന് ആഗ്രഹിക്കുന്നില്ല, ദൈവം നമ്മിലൂടെ പ്രവർത്തിക്കാനാഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ക്രിസ്തുവിനു വേണ്ടിയല്ല, എന്നാൽ ക്രിസ്തു, നമ്മുടെ ജീവിതം ഒരു ജയിക്കുന്ന ജീവിതം ആയിരിക്കും, അവിടുന്നു ഒരു നാളും തോല്ക്കുകയില്ല. ജയിക്കുന്ന ജീവിതം ഒരു ഫലം കായ്ക്കുന്ന ജീവിതം ആയിരിക്കും. സേവനത്തിന്റെ ജീവിതം. അക്ഷരീകമായി ഒരു പുതുക്കപ്പെട്ടതായിരിക്കട്ടെ നമ്മുടെ ജീവിതം. നമ്മിലൂടെ കർത്താവിനെ മറ്റുള്ളവരെ സേവിക്കട്ടെ, നമ്മെ ഉപയോഗിക്കട്ടെ. ഈ ഫലം വഹിക്കലും സേവനവും സ്വാഭാവികവും സ്ഥിരവുമായിരിക്കട്ടെ, എല്ലാം അവിടുത്തെ നാമത്തിലൂള്ള വിശ്വാസത്താലായിരിക്കട്ടെ; നമ്മുടെ പ്രവൃത്തികൾ ന മ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ പ്രവർത്തികൾ ആയിരിക്കട്ടെ; വ്യവസ്ഥ കൂടാതെ, അഥവാ രഹസ്യമായി, അവിടുത്തെ ജീവിതം കാരണമാകട്ടെ.

മൂന്ന് വ്യവസ്ഥകൾ

ക്രിസ്തുവിനെ സ്വീകരിക്കുന്ന വ്യവസ്ഥകൾ മൂന്ന് തരത്തിലുണ്ട്, ശേഷം പാപത്തെക്കുറിച്ചുള്ള സമ്പൂർണ്ണ ഏറ്റുപറച്ചിലും അതിന്റെ ശക്തിയിൽ നിന്നും അതിന്റെ സ്വാധീനത്തിൽ നിന്നും വിടുവിക്കുന്ന രക്ഷകനെ അമഗീകരിക്കലും.

1. നമ്മെ നമുക്കുള്ളതിനെ ഒക്കെയും സമ്പൂർണ്ണമായും വ്യവസ്ഥകൂടാതെയും സകലത്തിനും കാരണഭൂതനുമായ ക്രിസ്തുവിങ്കൽ സമർപ്പിക്കുക.

2. ക്രിസ്തുവിന്റെ നിറവുകൾ ആയിരിക്കുന്ന ദാനം നമ്മുടെ ജീവ്തമായിത്തീരുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.

3. നാം ചോദിച്ച കാര്യങ്ങൾ ദൈവം ചെയ്തിരിക്കുന്നു എന്ന് വിശ്വസിക്കുക. അല്ലെങ്കിലും ദൈവത്തെ വിശ്വസിക്കുക. ഈ മൂന്നാമത്തെ കാര്യത്തിന്മേൽ, ശാന്തമായ വിശ്വാസം പ്രവർത്തിക്കും, എല്ലാം അതിന് ആശ്രയിച്ച് ആയിരിക്കും. വിശ്വാസം ദൈവത്തെ വിശ്വസിക്കുവാൻ ഇഷ്ടപ്പെടുന്നു. അതിന്റെ അസാന്നിദ്ധ്യത്തിലും യാതൊരു തെളിവോ സ്പർശനമോ ഇല്ലാതെ ദൈവവചനത്തിൽ സുരക്ഷിതത്വവും, നല്ലതും, വ്യക്തമായതും ഏതു തെളിവുകളെക്കാളും ഉറപ്പേറിയതുമാണ്.

ഓർക്കുക, ഏതു അനുഗ്രഹങ്ങളെക്കാളും ക്രിസ്തുവാണ് വലുത്, ശക്തിയെക്കാൾ വലുതാണ്, വിജയത്തേക്കാൾ വലുതാണ്, വിജയത്തേക്കാൾ വലുതാണ്, നൽകുന്ന ഏത് സേവനത്തേക്കാൾ വലുതാണ്. ക്രിസ്തു ശക്തിയെ വിളിച്ചു വരുത്തുന്നു, എന്നാൽ ക്രിസ്തു ശക്തിയെക്കാൾ വലിയവനാണ്. അവിടുന്ന് ദൈവത്തിന്റെ ഏറ്റവും നല്ലത്, അവിടുന്ന് ദൈവമാണ്. നമുക്ക് ഈ നന്മ ഉണ്ടായിരുന്നേക്കാം, നമുക്ക് ക്രിസ്തു ഉണ്ടായിരുന്നേയ്ക്കാം, പൂർണ്ണതയ്ക്കായി സമൃദ്ധിക്കായി നമ്മെ അവിടുത്തേയ്ക്കായി സമർപ്പിക്കാം, എന്നാൽ ക്രിസ്തു നമ്മിൽ ജീവിക്കുന്നു. നിങ്ങൾ അവിടുത്തെ സ്വീകരിക്കുമോ?

(5-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ നിറവ് - വിശുദ്ധന്മാരുടെ ഉറവ

കൊണ്ട് വലിയ കാര്യങ്ങൾ പ്രതീക്ഷിക്കാം,

വലിയ കാര്യങ്ങളുടെ പ്രതീക്ഷയോടിരിക്ക, വങ്കാര്യങ്ങൾ ദൈവത്തിനായി ചെയ്യുവാൻ ശ്രമിക്ക. ഓരോ കാര്യങ്ങളും ക്രിസ്തുവിനു വേണ്ടി ചെയ്യുമ്പോൾ, അവിടുത്തെ ശക്തിയോടെ ചെയ്യുക. അവിടുത്തേയ്ക്ക് വേണ്ടി ജീവിക്കുവാനും അവിടുത്തേയ്ക്കുവേണ്ടി മരിക്കുവാനുമായി പൂർണ്ണമായി ഒരു ഹോമയാഗമായി ക്രിസ്തുവിനു സമർപ്പിക്കുവാനുള്ള ഒരുക്കം നമുക്കുണ്ടോ?

അങ്ങനെയായിരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ലോകത്തിലുള്ള സ്ത്രീകളും പുരുഷന്മാരും ക്രൂശിക്കപ്പെട്ടവന്റെ നിറവുകൾ പ്രാപിച്ച്, അതിനെ അനേകർക്കുവേണ്ടി പകർന്നു കൊടുത്ത്, അവരെ ദൈവത്തിനായി അവകാശമാക്കി, അവരിൽ പിതാവ് മഹത്വപ്പെടേണ്ടതിന് ദൈവത്തിന്റെ എല്ലാ നിറവുകളും കാരണമാകട്ടെ.

ക്രിസ്തുവിന്റെ നിറവ്

By Rich Carmicheal

"അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹൂപമായി വസിക്കുന്നത്. എല്ലാ വാഴ്ചയ് ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" (കൊലൊ. 2:9,10).

ഈ വേദഭാഗം എനിക്ക് ആഴമായ പുതിയ അർത്ഥമാണ് തരുന്നത്. ഇതിനെക്കുറിച്ച് പഠിക്കുമ്പോൾ "പൂർണ്ണത" എന്നത് തർജ്ജമ ചെയ്തിരിക്കുന്നത് അതേ അർത്ഥത്തിൽ തന്നെ ക്രിസ്തുവിൽ നിറവ് എന്ന് കാണുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ നിറവിൽ നിന്നും ദൈവത്തിന്റെ നിറവ് ഞങ്ങൾ അവിടുത്തെ നിറവിനാൽ നിറഞ്ഞു, അഥവാ, "പൂർണ്ണരായിത്തീർന്നു". അപ്പോസ്തലനായ യോഹന്നാൻ എഴുതുന്നു, അവന്റെ നിറവിൽ നിന്നും നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" (യോഹ. 1:16).

ഈ അവിശ്വസനീയമായ സത്യം ക്രിസ്തുവിന്റെ നിറവിന്റെ അവസരങ്ങളാണ്. ഇവിടെ ആരാണ് ക്രിസ്തു അവിടുന്നു എന്ത് ചെയ്യുന്നു എന്നു ചോദിക്കേണ്ട കാര്യമുണ്ടോ? "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും" (ഫിലി. 4:19), "തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടയതൊക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ!" (2 പത്രൊ. 1:3). ഒരു നിമിഷം ദൈവത്തിന്റെ നിറവിനെക്കുറിച്ചു ചിന്തിക്കുക **നമ്മുടെ മഹത്വവാനായ കർത്താവായ യേശുക്രിസ്തു**

"അവൻ അദൃശനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു". സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാനസങ്ങൾ ആകട്ടെ കർതൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു (കൊലൊ. 1:15-17).

"അവൻ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട് (എബ്രാ. 1:3), അവിടുന്ന് ദൈവം ആകുന്നു (യോ 1:1), അവൻ സകലത്തിനും മീതെ ഉള്ളവൻ (റോ.9:5), അവിടുന്ന് സകലവും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ (എബ്രാ. 1:3). അവൻ അൽഫായും ഒമേഗയും ആകുന്നു, ആരംഭവും അവസാനവും ആകുന്നു, ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു" (വെളി. 22:13).

"അവിടുന്നു ക്രിസ്തുവും ജീവനുള്ള ദൈവത്തിന്റെ പുത്രനും ആകുന്നു" (മത്താ. 16:16). അവിടുന്ന് പിതാവിനോട് കൂടെയിരുന്നവൻ (യോഹ10:30), പിതാവിനെ വെളിപ്പെടുത്തുന്നവൻ" യോഹ. 14:6.

അവിടുന്ന് ദൈവത്തിന്റെ വചനം ആകുന്നു (വെളി. 19:13), അവിടുത്തെ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു (യോഹ. 6:63). അവിടുന്ന് ദൈവത്തിന്റെ മർമ്മം ആകുന്നു. അവനിൽ ദൈവത്തിന്റെ ജ്ഞാനവും വിവേകവും മറഞ്ഞിരിക്കുന്നു (കൊലൊ. 2:2,3). അവിടുന്ന് അടിസ്ഥാനം ആകുന്നു (1കൊരി. 3 :11), അവിടുന്ന് ജീവനുള്ള കല്ല് ആണ് (1പത്രൊ.2:4), അവിടുന്ന് വിലയേറിയ മൂലക്കല്ല് ആകുന്നു (2:6).

അവിടുന്ന് ജീവന്റെ അപ്പം ആകുന്നു (യോഹ. 6:35), അവിടുന്ന് നിത്യജീവനുവേണ്ടി സഹിക്കുന്നവർക്കു ആഹാരം കൊടുക്കുന്നു (6:27), അവിടുന്ന് ആത്മീയ പാറ (1കൊരി.20:4), അവിടുന്ന് തൃപ്തിവരുത്തുന്ന ജീവജലം കൊടുക്കുന്നു (യോഹ. 4:14). അവിടുന്ന് പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനപ്പെടുത്തുന്നു. (മത്താ. 3:11).

അവിടുന്ന് സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (യോഹ. 15:1), സമൃദ്ധിയായ ജീവന്റെ ഉറവ, സന്തോഷസമൃദ്ധി (15:11), പ്രകൃത്യാതീതമായ സമാധാനം, അവിടുന്ന് പ്രത്യാശയുടെ ഉറവിടം (1തെസ്സ. 1:3), ശക്തിയുടെ ഉറവിടം (ഫിലി. 4:13), ആശ്വാസത്തിന്റെ ഉറവിടം (2തെസ്സ. 2:16,17), വിശ്രമത്തിന്റെ ഉറവിടം (മത്താ. 11:29), കരുതലിന്റെ ഉറവിടം (2തെസ. 3:5), നീതിയുടെ ഉരവിടം (ഫിലി. 1:11), വിശുദ്ധിയുടെ ഉറവിടം (1കൊരി. 1:2).

അവിടുന്ന് കൃപയും സത്യവും നിറഞ്ഞവൻ (യോഹ. 1:14), അവിടുന്ന് മനസലിവുള്ളവൻ (മത്താ. 9:36), ദീർഘക്ഷമയുള്ളവൻ (1തിമൊ. 1:16). അവിടുത്തെ സ്നേഹം വിശാലമാണ്, ദീർഘമാണ്, ആഴമുള്ളതാണ്, ഉയരമുള്ളതാണ്, പരിജ്ഞാനത്തെ കവിയുന്ന സ്നേഹമാണ് (എഫെ. 3:18,19). അവിടുത്തെ സ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ ഒന്നിനാലും സാദ്ധ്യമല്ല (റോമ. 8:35). അവിടുന്ന് വിശ്വസ്തനും സത്യവാനുമാണ് (വെളി. 19:11).

അവിടുത്തെ പേരു യേശു എന്നാണ് കാരണം അവിടുന്ന് ആളുകളെ അവരുടെ പാപങ്ങളിൽ നിന്നും വിടുവിക്കുന്നവനാണ് (മത്താ. 1:21). അവിടുത്തെ നാമം എല്ലാ നാമത്തെക്കാളും ഉന്നതാണ് (ഫിലി. 2:9). അവിടുന്ന് ലോകരക്ഷകനാണ് (യോഹ. 4:42). അവിടുന്ന് സർവ്വലോകത്തെയും രക്ഷിപ്പാൻ കഴിവുള്ളവൻ ആണ് (എബ്രാ. 7:25).

അവിടുന്ന് ദൈവത്തിന്റെ കുഞ്ഞാട് ആകുന്നു (യോഹ. 1:29). അവിടുത്തെ രക്തം വിലയേറിയത് (1 പത്രൊ.1:19), വീണ്ടെടുപ്പിന്റെയും പാപക്ഷമയുടെയും ഉറവിടം (കൊലൊ. 1:14). അവിടുന്ന് ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്ന നല്ല ഇടയനാണ് (യോഹ. 10:14,15). അവിടുന്ന് നമ്മുടെ ഇടയനും നമ്മുടെ ആത്മാക്കൾക്ക് ഉടയവനും ആകുന്നു (1പത്രൊ. 2:25). അവിടുന്ന് മനുഷ്യർക്കും ദൈവത്തിനും മദ്ധ്യേ മദ്ധ്യസ്ഥനാണ് (1തിമൊ. 2:5). അവിടുന്ന് നമുക്കുവേണ്ടി പിതാവിനോട് മദ്ധ്യസ്ഥത ചെയ്യുന്നു (1യോഹ. 2:1).

അവിടുന്ന് ദാവീദിന്റെ പുത്രനാണ് (മത്താ 15 :22). അവിടുന്ന് മനുഷ്യപുത്രനാണ്. (16:27). അവിടുന്ന് പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിയുന്ന മഹാപുരോഹിതനാണ് (എബ്രാ. 2:17,18). അവിടുന്നു തന്നെത്താൻ താഴ്ത്തി നമ്മെപ്പോലെ മനുഷ്യനായിത്തീർന്നു. (ഫിലി. 2:7,8), നമ്മുടെ ബലീഹനതകളെ എടുത്തു, വ്യാധികളെ ചുമന്നു (മത്താ. 8:17). അവിടുന്ന് സൗഖ്യമാക്കുന്നു (4:23), സ്വാതന്ത്ര്യം നൽകുന്നു (യോഹ. 8:36), വിടുവിക്കുന്നു (ഗലാ. 1:4). വീര്യപ്രവർത്തികൾ ചെയ്യുന്നു (മത്താ. 13:54), അവിടുന്ന് നമുക്കായി പക്ഷവാദം ചെയ്തു ജീവിക്കുന്നു. (എബ്രാ. 7:25).

അവിടുന്ന് ലോകത്തെ അതിജീവിക്കുന്നു. (യോഹ. 16:33) അവിടുന്നു നമ്മുടെ വിജയത്തിന്റെ ഉറവിടവും ആകുന്നു. (റോമർ. 8:37). അവിടുന്ന് നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തീവരുത്തുന്നവനും ആകുന്നു (എബ്രാ. 12 : 2). അവസാനത്തോളം കാക്കുവാൻ ശക്തനും ആകുന്നു (1കൊരി. 1 : 8).

അവിടുന്ന് ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടു, ദൈവം അവിടുത്തെ മരണത്തിൽ

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ നിറവ്

നിന്നും ഉയിർത്തെഴുന്നേല്പിച്ചു (1കൊരി. 15:3,4). അവിടുന്ന് പുനരുത്ഥാനവും ജീവനും ആകുന്നു (യോഹ. 11:25), മരിച്ചവരിൽ നിന്നും ആദ്യം ജനിച്ചവൻ (വെളി. 1:5). അവിടുന്ന് എന്നേയ്ക്കും ജീവിക്കുന്നവൻ സ്വർഗ്ഗത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കയ്യിലുള്ളവൻ (1:18) ഇറങ്ങിയവൻ സകലത്തേയും നിറയ്ക്കേണ്ടതിന് സ്വർഗ്ഗാധിസ്വർഗ്ഗത്തിന് മീതെ കയറിയവനും ആകുന്നു (എഫെ. 4:10).

അവിടുന്ന് മണവാളനാണ് (മത്താ. 9:15) താൻ ഇരിക്കുന്നിടത്തു നമ്മെ ഇരുത്തി തന്റെ മഹത്വത്താൽ നമ്മെ നിറെക്കുവാനാഗ്രഹിക്കുന്നു (യോഹ. 17:24). അവിടുന്ന് നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയാണ് (തീത്തോ. 2:13). തനിക്കായി കാത്തു നിൽക്കുന്നവർക്കായി അവിടുന്ന് വീണ്ടും വരും. (എബ്രാ. 9:28). തന്റെ പിതാവിന്റെ മഹത്വത്തിൽ അവിടുത്തെ ദൂതന്മാരുമായി വീണ്ടും വരും (മത്താ. 16:27).

അവിടുന്ന് രാജാധിരാജാവും കർത്താധി കർത്താവും ആകുന്നു (വെളി. 19:16), ഭൂമിയിലെ രാജാക്കന്മാർക്ക് ന്യായാധിപതിയാകുന്നു (1:5). അവൻ തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലി. 3:21). അവിടുത്തേയ്ക്ക് പ്രകൃതിയുടെമേൽ അധികാരമുണ്ട് (മത്താ. 8:27). പാപങ്ങളെ മോചിപ്പാൻ അവിടുത്തേയ്ക്ക് അധികാരമുണ്ട് (9:2). അവിടുത്തേയ്ക്ക് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവുമുണ്ട് (28:18). സകലവും അവിടുത്തെ കരങ്ങളിലാണ്. (യോഹ. 3:35). അവിടുന്ന് ഓരോ മനുഷ്യന്റെയും തലയാകുന്നു (1 കൊരി. 11:3), അവിടുന്ന് സഭയുടെ തലയാണ് (എഫെ. 5:23), അവിടുന്ന് വാഴ്ചകളുടെയും അധികാരങ്ങളുടെയും തലയാകുന്നു (കൊലൊ. 2:10). അവിടുന്ന് വാഴ്ചകളുടെയും അധികാരങ്ങളുടെയും ആയുധവർഗ്ഗം വയ്പിച്ചു (2:15). അവിടുന്ന് പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നു(1യോഹ. 3:8), മരണം നീക്കുന്നു സുവിശേഷം കൊണ്ട് ജീവവനും അക്ഷയതയും വെളിപ്പെടുത്തുന്നു (2തിമൊ. 1:10). അവിടുന്ന് മരിച്ചവരുടെയും ജീവനുള്ളവരുടെയും ദൈവമാകുന്നു (റോമ. 14:9). അവിടുന്ന് ദൈവശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാകുന്നു (1കൊരി. 1:24), അവിടുന്ന് എല്ലാറ്റിനും മുമ്പനാകുന്നു (കൊലൊ. 1:18).

അവിടുത്തെ പൂർണ്ണമായി ആശ്രയിക്കുക

എന്തൊരു രക്ഷകൻ! അവിടുത്തെ മഹത്വത്തിന് പരിധിയില്ല, ശക്തിക്ക് പരിധിയില്ല, സ്നേഹത്തിന് പരിധിയില്ല, അവിടുത്തെ ഉറവിടങ്ങൾക്ക് പരിധിയില്ല! അവിടുന്ന് എല്ലാറ്റിനും മതിയായവൻ, നമ്മുടെ ആവശ്യങ്ങൾക്കൊക്കെയും മതിയായവൻ! അവിടുത്തെ നിറവുകൾ നമ്മുടെ ആവശ്യങ്ങൾക്ക് മതിയായ ഉറവിടങ്ങളാണ്!

അതിപ്രധാനമായി, തീർച്ചയായും നമ്മുടെ ആവശ്യങ്ങളിൽ അവിടുത്തെ മുഖത്തേയ്ക്ക് നോക്കും എങ്കിൽ അവിടുത്തെ നാമത്തിൽ ആശ്രയിക്കും എങ്കിൽ ജീവനും, സ്നേഹവും, ശക്തിയും വിശുദ്ധിയും മേൽക്കുമേൽ നൽകപ്പെടും. എനിക്കു ജീവിക്കുന്നത് ക്രിസ്തു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.❖

ഏറ്റു പറച്ചിൽ, വിശുദ്ധീകരണവും ക്രിസ്തുവിനോടുള്ള ഏകാഗ്രതയും

By Ruth Paxson

(കുറിപ്പ്: വിശ്വാസികൾ ആത്മ നിറവിൽ കുറവുള്ളവരായികാണുന്നു. അതിനെ മറിക്കടക്കാനുള്ള വഴിയാണ് ഈ ലേഖനത്തിലൂടെ വ്യക്തമാക്കാനുദ്ദേശിക്കുന്നത്)

എന്തുകൊണ്ടാണ് എനിക്ക് ആത്മാവിനാൽ നിറയുവാൻ സാധിക്കാത്തത്? രണ്ട് കാര്യങ്ങൾ ഇവിടെ വ്യക്തമാക്കട്ടെ. ഒന്ന് അനുസരണക്കേട്. ദൈവത്തിൽ നിന്നും ക്രിസ്തുവിൽ നാം ഈ നിറവ് അവകാശമാക്കുന്നു. ആത്മാവിൽ ഈ നിറവ് അവകാശമാക്കുന്നു. ആത്മാവിൽ ഈ നിറവ് ഒരുവൻ തന്റെ വ്യക്തിപരമായ അവകാശമായി സൂക്ഷിക്കുന്നു. എന്നാൽ ദൈവവചനത്തോടുള്ള അനുസരണക്കേടിനാൽ, ഈ അറിവ് നമുക്കു ഇല്ലാതെ പോകുന്നു. പരിണിതഫലം ആത്മ നിറവു പ്രാപിപ്പാൻ കഴിയുന്നില്ല.

രണ്ടാമത്തേത് അവിശ്വാസം. നമുക്കു സത്യം അറിയാം, ബുദ്ധിപരമായും ഉപദേശപരമായും. ഇതു ഹൃദയത്തിൽ ഈ അനുഭവമില്ല. അഥവാ നമുക്കു അറിയാം. എന്നാൽ വിശ്വസാത്താൽ അതിനെ പ്രാവർത്തികമാക്കുവാൻ നമ്മുടെ ഭയം അത് അനുവദിക്കുന്നില്ല. ഇങ്ങനെ അവിശ്വാസം നിമിത്തം അവർക്ക് പ്രവേശിപ്പാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു. (എബ്രാ. 3:19).

പാപവുമായി ഇടപെടുന്നു

അപ്പോൾ രണ്ട് നേരിട്ടുള്ള കാര്യങ്ങൾ അനുഭവത്തിന്റെ വെളിച്ചത്തിൽ കാണുന്നു. ഒന്ന് ഏറ്റുപറയപ്പെടാത്ത പാപം. പരിശുദ്ധാത്മാവ് വിശുദ്ധമാണ്, അതിന്റെ ഇരിപ്പിടവും വിശുദ്ധിയുള്ളതായിരിക്കേണം. അറിയപ്പെടുന്ന എല്ലാ പാപങ്ങളിൽ നിന്നും വിശുദ്ധീകരണം പ്രാപിക്കേണ്ടതാണ്. അറിവുള്ള, വ്യക്തമായ, തെളിവായ ജീവിതത്തിന്റെ എല്ലാവിധ പാപങ്ങളിൽ നിന്നും വിശുദ്ധീകരണം പ്രാപിക്കാതെ ആത്മനിറവു പ്രാപിപ്പാൻ സാദ്ധ്യമല്ല.

ദിനവൃത്താന്തങ്ങളുടെ രണ്ടാം പുസ്തകം ഇരുപത്തി ഒൻപതാം അദ്ധ്യായത്തിൽ ഹിസ്ക്കീയ രാജാവിന്റെ കീഴിൽ ഉണർവ്വു നടക്കുമ്പോൾ, ആലയം ശുദ്ധീകരിച്ചു, ഇതു കാണിക്കുന്നത് നിറവിനു മുന്നോടിയായി ദൈവം വിശുദ്ധീകരണം ആവശ്യപ്പെടുന്നു എന്നാണ്. ലേവ്യരേ, എന്റെ വാക്കു കേൾപ്പിൻ. ഇപ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിച്ച് നിങ്ങളുടെ പിതാക്കന്മാരുടെ ആലത്തേയും ശുദ്ധീകരിച്ച് വിശുദ്ധമന്ദിരത്തിൽ നിന്നും മലിനത നീക്കിക്കളവിൻ. (2 ദിന. 29:5).

" പുരോഹിതന്മാർ യഹോവയുടെ ആലയത്തിന്റെ അകം വെടിപ്പാക്കുവാൻ അതിൽ കടന്നു യഹോവയുടെ ആലയത്തിൽ കണ്ട മലിനതയൊക്കെയും പുറത്ത് യഹോവയുടെ പ്രാകാരത്തിൽ കൊണ്ടുവന്നു. ലേവ്യർ അതുകൊണ്ട് പോയി കിദ്രോൻ തോട്ടിൽ ഇട്ടുകളഞ്ഞു; ഒന്നാം മാസം ഒന്നാം തീയതി അവർ വിശുദ്ധീകരിപ്പാൻ തുടങ്ങി; എട്ടാം തീയതി അവർ യഹോവയുടെ മണ്ഡപത്തിൽ എത്തി; ഇങ്ങനെ അവർ എട്ടുദിവസം കൊണ്ട് യഹോവയുടെ ആലയം വിശുദ്ധീകരിച്ചു; ഒന്നാംമാസം പതിനാറാം തീയതി തീർത്തു ". (2ദിന. 29:16,17).

" മലിനത " എന്ന വാക്ക് നിങ്ങൾ കുറിച്ചിട്ടുണ്ടോ? ദൈവം ഒരു മയവും കാണിക്കുന്നില്ല, ശക്തമായ വാക്കുകൾ ഉപയോഗിച്ച് പാപത്തെക്കുറിച്ചു സംസാരിക്കുന്നു. മലിനത എന്നു വിളിക്കുന്നു " വിശുദ്ധ സ്ഥലത്ത് " മലിനത. എങ്ങനെയാണ് ഈ മലിനതകൾ വിശുദ്ധസ്ഥലത്ത് കയറിപ്പറ്റിയതിനെ രാജാവ് നിർബന്ധമായി ആലയത്തിൽ നിന്നും പുറത്താക്കി ആലയത്തെ ശുദ്ധീകരിക്കുവാനായി കല്പിക്കുന്നത്? നോക്കുക, ഇവിടെ പുറത്തെ മലിനതകൾ നീക്കാതെ നിർത്തിക്കളഞ്ഞു, എന്നാൽ, "ആലയം ശുദ്ധീകരിക്കുവാനായി അവർ ആലയത്തിന്റെ അകത്തേയ്ക്കു പോയി. അവർ ആലയത്തിൽ മാലിന്യം കണ്ടെത്തിയെന്നു മാത്രമല്ല, അതിനെ പുറത്തേയ്ക്കു കൊണ്ടു വന്നു, കുറച്ചു മാലിന്യം പുറത്തുകൊണ്ടുവന്നു എന്നും അല്ല, " എല്ലാ

(ശേഷം 11-ാംപേജിൽ)

(10-ാംപേജിന്റെ തുടർച്ച)

ഏറ്റുപറച്ചിൽ.....ഏകാഗ്രതയും

മാലിന്യങ്ങളും അവർ കണ്ടെത്തി. ഇത് വളരെ കൃത്യമായ ഒരു കാര്യമാണ്. ഇതിന് എത്ര ദിവസം വേണ്ടി വന്നു? കൃത്യം പതിനാറു ദിവസം. എന്ന് അധികമായ മലിനതകളാണ് നീക്കിയത്! ഈ ശുദ്ധീകരണം തുടങ്ങുന്നതു വരെയും മാലിന്യം അവിടെ കുന്നു കൂടിയിരുന്നു.

ഈ വസ്തുതയെക്കുറിച്ച് പുതിയ നിയമത്തിലേക്കു നോക്കാം. പുതിയനിയമത്തിലെ ചില പദപ്രയോഗങ്ങൾ കേട്ടു നാം ഞെട്ടും, കാരണം അത്രത്തോളം സാമ്യത പഴയനിയമവും പുതിയനിയമവും തമ്മിൽ വിശുദ്ധിയുടെ പ്രമാണത്തോടുള്ള ബന്ധത്തിൽ നമുക്കു കാണാൻ കഴിയും. “നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ നിങ്ങളും അങ്ങനെ തന്നെ (1കൊരി. 3:16,17) “ .... ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊൾക” (2കൊരി. 7:1).

“ നിങ്ങൾ ദൈവത്തിന്റെ മന്ദിരം ആകുന്നു”, ആ ആലയം വിശുദ്ധമാണ് ആ ജഡത്തിലേയും ആത്മാവിലെയും എല്ലാം കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കണം.

അനേകവിധമായ പാപങ്ങൾ, സംസ്കാരശൂന്യമായ, എണ്ണമറ്റ പാപങ്ങൾ നിങ്ങളുടെ കഴിഞ്ഞ കാലജീവിതത്തിലുണ്ടായിരുന്നിരിക്കാം. ഒരു പക്ഷേ അവയിൽ പലതിനെയും ജീവിതത്തിൽ നിന്നു ഒഴിവാക്കിയേക്കാം, ജഡത്തിന്റെ പാപം, എന്നാൽ അവ അന്തരാത്മാവിനെ മലിനമാക്കിക്കൊണ്ടിരിക്കുകയില്ലയോ? നാം കള്ളം പറയും. പറഞ്ഞു സന്തോഷിക്കും, വീണ്ടും വീണ്ടും കള്ളം പറയും, എന്നാൽ കപടഭക്തി, വഞ്ചന, ക്രിസ്തീയ ജീവിതത്തിൽ പോലും, കർത്താവിന്റെ വേലക്കാരനെങ്കിലും, ഒരിക്കൽ പോലും തെളിയിക്കപ്പെടാത്തതായിരിക്കാം.

സാധാരണയായി, കോപശീലം ഉണ്ടായിരുന്ന ആളായിരിക്കാം, നാം അതിനെ ഉപേക്ഷിച്ചു. നിയന്ത്രണം പാലിക്കുന്ന ആളായിരിക്കാം. എന്നാൽ രഹസ്യമായി കോപവും ക്ഷമയില്ലായ്മയും ഉണ്ടാകാറില്ലേ? ഒരിക്കൽ ഒരു വ്യക്തിയെ ശാസിച്ചു തള്ളിയതായിരിക്കാം, ഇപ്പോഴും അങ്ങനെ തുടരുന്നുണ്ടായിരിക്കാം. അതു നമ്മുടെ ജീവിതത്തിൽ പാപപമാണ്, ഹൃദയത്തിനുള്ളിൽ അമർഷവും പകയും വച്ച് സംസാരിക്കുന്നത് വെറുപ്പിനു കാരണമാകയില്ലയോ? ഒരിക്കൽ നാം ചെയ്തതു പോലെ പരസ്യമായി ഒരുവനോട് കോപിച്ച് സംസാരിച്ചാൽ, ആരെങ്കിലും അതു പോലെ തിരിച്ചും സംസാരിച്ചാൽ നമുക്ക് ഇഷ്ടപ്പെടുകയില്ല, നാം ഒഴിഞ്ഞു മാറിപ്പോകുവാൻ ഇടയായിത്തീരും. നാം വിചാരിക്കും ഞാൻ ജയിച്ചു, ആത്മീയ വിശ്വാസികൾക്ക് ഒരു വിശുദ്ധീകരണത്തിന്റെ ആവശ്യമില്ല എന്ന് നാം ചിന്തിക്കും.

ഒരിക്കൽ മിഷൻ ഫീൽഡിൽ, ഒരു ഗേൾസ് സ്കൂളിൽ ഒരു മീറ്റിംഗിൽ ഞാൻ പോയി. മിഷ്യനറിമാരിൽ ഒരാൾ എന്റെ അടുക്കൽ വന്നു പറഞ്ഞു, “ഈ യോഗത്തിൽ പെൺകുട്ടികൾക്കായി എടുക്കുന്ന പരിപാടികളിൽ എന്നെ വിളിക്കരുത് ഞാൻ ചെയ്യുകയില്ല”. ആ സ്ത്രീ ഇങ്ങനെ പറഞ്ഞു, ഞാൻ അവധിക്കായി വീട്ടിൽ പോക യാണ് മടങ്ങി വരികയില്ല. എന്റെ സഹപ്രവർത്തരോട് ഞാൻ പറഞ്ഞിട്ടുണ്ട്, എന്റെ ആരോഗ്യപരമായ കാര്യങ്ങളാലാണ് എന്ന് ആരോഗ്യപരമായി ക്ഷീണമുണ്ട് എന്നത് സത്യമാണ്. എന്നാൽ കൃത്യത്തിൽ നിന്നൊഴിവായത് ആരോഗ്യപരമായ കാരണങ്ങളാലല്ല, ആത്മീയകാരണങ്ങളാലാണ്.

ഞാൻ ബൈബിളിൽ നിന്നും വിജയികളുടെ വചനങ്ങളെടുത്തു സംസാരിപ്പാൻ തുടങ്ങി. ഓരോ കാര്യങ്ങളും ഹൃദയത്തിൽ നിന്നും അവർ പറഞ്ഞു. ഞാൻ വിജയികളുടെ പുസ്തകത്തിൽ നിന്നും സംസാരിച്ചു. അവൾ എല്ലാം മനസ്സിലാക്കി, അതെല്ലാം അവൾ വായിച്ചിട്ടുണ്ടായിരുന്നു. ഉപദേശവും തത്വങ്ങളും എല്ലാം അവൾ അറിഞ്ഞിരുന്നു. എന്നാൽ, അവരുടെ ജീവിതത്തിൽ അവർ വിജയിച്ചിരുന്നില്ല. നിങ്ങൾ ചോദിക്കും, “ അവർ വല്ല പാപത്തിൽ അടിമയായി ജഡത്തിൽ തോറ്റുപോയ ഒരു വ്യക്തിയാണോ? ഒരിക്കലുമല്ല, നാലു വർഷങ്ങൾക്ക് മുമ്പ് അവരുടെ ഹൃദയത്തിൽ തോന്നിയ ഒരു പക, ഹൃദയത്തിന്റെ ആഴത്തിൽ സൂക്ഷിച്ചിരുന്നു, അവർ പഠിപ്പിച്ചിരുന്ന കുട്ടികളിൽ അവർക്ക് സന്തോഷമില്ലായിരുന്നു, ഹൃദയത്തിന്റെ സമാധാനം കവർന്നു, വേദപുസ്തക പഠനത്തിലും പ്രാർത്ഥനയിലുമുള്ള അവരുടെ സന്തോഷം നഷ്ടപ്പെട്ടു, നഷ്ടപ്പെട്ട ആത്മാക്കളെക്കുറിച്ചുള്ള ഭാരം അവർക്ക് നഷ്ടപ്പെട്ടു. മാത്രമല്ല, അതു അവരെ ശരീരത്തിൽ രോഗിയാക്കി, അവരുടെ മിഷൻ ഫീൽഡ് വിട്ട് മടങ്ങി വരാതവണ്ണം വീട്ടിലേക്കു പോകുവാൻ കാരണമായി. ഹൃദയത്തിൽ മറച്ചുവച്ച ഒരു ചെറിയ പക മനുഷ്യ ഹൃദയങ്ങളിൽ ഇങ്ങനെ ദോഷം ചെയ്യും.

നിങ്ങളുടെ ഹൃദയത്തെ തളർത്തിക്കളയുന്ന ഏതെങ്കിലും ഇതുപോലെയൊന്ന് നിങ്ങളുടെ ജീവിതത്തിലുണ്ടോ? അങ്ങനെയെങ്കിൽ ഇന്ന് നിങ്ങളെത്തന്നെ ശുദ്ധീകരിക്കാനേൽപിക്കുമോ? ആ പ്രീയപ്പെട്ട മിഷ്യനറി വനിതയ്ക്കുണ്ടായ ഒരു ചെറിയ പക എല്ലാം വിട്ടെറിഞ്ഞ് വീട്ടിലേക്കു പോകുവാൻ കാരണമായി.

സ്വിറ്റസർലണ്ടിൽ നടന്ന ഒരു കോൺഫറൻസിന്റെ അവസാനദിവസം രാത്രിയിൽ ഇരുപത്തിയേഴുവർഷം കൊണ്ടു നടന്ന ഒരു പക, തന്റെ ബന്ധുക്കളോടുള്ള ബന്ധത്തിൽ ഒന്നും ചെയ്യാൻ കഴിയാത്തവനായി, ഉറക്കം നഷ്ടപ്പെട്ടവനായി, ഏറ്റുപറഞ്ഞു ഉപേക്ഷിച്ചപ്പോൾ അന്നു രാത്രി ഒരു കൊച്ചു കുട്ടിയെപ്പോലെ ഉറങ്ങുവാനിടയായി. കോൺഫറൻസിന്റെ അവസാന ദിവസം കർത്യദിവസത്തിൽ അദ്ദേഹം സാക്ഷ്യം പ്രസ്താവിക്കുവാൻ ഇടയായി. ഇരുപത്തിയേഴു വർഷം തനിക്ക് ഹൃദയത്തിന് സമാധാനമില്ലായിരുന്നു, കഴിഞ്ഞ മൂന്ന് ദിവസങ്ങളായി അദ്ദേഹം സുഖമായി ഉറങ്ങുന്നു.

നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തതനും നീതിമാനും ആകുന്നു” (1യോഹ. 1:9). “തന്റെ ലംഘനങ്ങളെ മറെച്ചു വയ്ക്കുന്നവനു ശുഭം വരികയില്ല, അവയെ ഏറ്റു പറഞ്ഞുപേക്ഷിക്കുന്നവനോ കരുണ ലഭിക്കും ” (സദൃശ. 28:13).

വ്യർത്ഥമായ, മടയത്തരമായ അനുഭവമാണ് ഒരുവൻ നിറവിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ, അമർഷം, വെറുപ്പ്, സ്നേഹമില്ലായ്മ ക്രിസ്തുവിനെപ്പോലെയല്ലാത്ത അനുഭവവും ഉള്ള ഹൃദയത്തോടുകൂടെ ഒക്കെ പ്രാർത്ഥിക്കുമ്പോൾ ഒരു ചെറിയ നിറവു പോലും പ്രാപിക്കയില്ല. നാം വ്യർത്ഥമായി പ്രാർത്ഥിക്കുന്നു. ജഡത്തിലെയും ആത്മാവിലെയും സകല മലിനതകളെയും മാറ്റി ദൈവത്തോട് പ്രാർത്ഥിക്കുവാൻ നിങ്ങൾ തയ്യാറാണോ? ശുദ്ധീകരണം നിറവല്ല, നിറവിനു തടസമായിരിക്കുന്ന സംഗതികളെ ജീവിതത്തിൽ നിന്നൊഴിവാക്കി നിറവിനായ് നമ്മെ ഒരുക്കി കൊടുക്കുന്നു.

ഒരു സമർപ്പിക്കപ്പെട്ട ജീവിതം

നിറവിന് തടസമായിരിക്കുന്ന രണ്ടാമത്തെ കാര്യം സമർപ്പണമില്ലായ്മയാണ്, അതിന്റെ അർത്ഥം ക്രൂശീകരിക്കപ്പെടാത്ത ജീവിതം അഥവാ നിയന്ത്രണമില്ലാത്ത സ്വയചിന്തകൾ. ക്രിസ്തുവിന്റെ കർതൃത്വത്തെ അംഗീകരിച്ചു അവിടുത്തെ മുമ്പിൽ സമ്പൂർണ്ണ സമർപ്പണം ആവശ്യമാണ്. ഇത് മാറ്റി വയ്ക്കൽ അനുവദിക്കുന്നില്ല, അടഞ്ഞിരിക്കുന്ന വാതിലുകളും അനു

(ശേഷം 12-ാം പേജിൽ)

(11-ാംപേജിന്റെ തുടർച്ച)

ഏറ്റു പറച്ചിൽ.....തയും

വദനീയമല്ല. ഭാഗം പിടിക്കലും സാദ്ധ്യമല്ല, എല്ലാം ക്രിസ്തുവിന്റെ നിയന്ത്രണത്തിലായിരിക്കണം. സ്വയത്തെ നിഷ്കാസനം ചെയ്തിട്ട് ക്രിസ്തുവിനെ എല്ലാം ആയിട്ട് നമ്മുടെ ഹൃദയത്തിന്റെ ജീവിതത്തിന്റെ നായകനായി സിംഹാസനസ്ഥനാക്കുകയാണ്.

ഹിസ്ക്കിയാവിന്റെ കാലത്തെ ഉണർവിൽ നാം കാണുന്നത്, ആലയത്തിന്റെ ശുദ്ധീകരണം തുടരുന്നു, അവർ ഏകാഗ്രതയുള്ളവരായി, അവരുടെ ഹോമയാഗങ്ങളും നന്ദിയർപ്പണങ്ങളും നടക്കുകയാണ്. “ നിങ്ങൾ ഇപ്പോൾ യഹോവയക്കു നിങ്ങളെത്തന്നെ നിവേദിച്ചിരിക്കുന്നു; അടുത്തു വന്നു യഹോവയുടെ ആലയത്തിൽ ഹനനയാഗങ്ങളും സ്തോത്രയാഗങ്ങളും കൊണ്ടുവരുവിൻ എന്ന് ഹിസ്ക്കിയാവ് പറഞ്ഞു; അങ്ങനെ സഭ ഹനനയാഗങ്ങളും സ്തോത്രയാഗങ്ങളും നല്ല മനസ്സുള്ള എല്ലാവരും ഹോമയാഗങ്ങളും കൊണ്ടു വന്നു (2ദിന. 29:31). എല്ലാ മലിനതകളും പുറത്തു കളഞ്ഞപ്പോൾ യാഗങ്ങൾ അകത്തുവന്നു.

ഇതാണ് ആലയത്തിന്റെ ശുദ്ധീകരണം സംബന്ധിച്ചു ദൈവത്തിന്റെ വ്യവസ്ഥയും ക്രമവും. ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീങ്ങി ശുദ്ധീകരിക്കുമ്പോൾ ശുദ്ധീകരണം പൂർത്തിയാകുന്നു. അങ്ങനെ നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് സ്വാതന്ത്ര്യത്തിലും ഏല്പിക്കുന്നു. “ സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ ” (റോമ. 12:1). എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലവരും മരിച്ചും എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തെഴുന്നേറ്റവനായിട്ടു തന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞാൻ നിർണ്ണയിച്ചിരിക്കുന്നു ” (2കൊരി. 5:15). സമർപ്പിക്കുക എന്നതിന്റെ അർത്ഥം, ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളും പൂർണ്ണമായി തുറന്ന് ക്രിസ്തു നമ്മെ നിറയ്ക്കുന്നു എന്നതാണ്. ജീവിതത്തിന്റെ എല്ലാ വാതിലുകളും ദൈവത്തിനായി തുറന്നിടുന്നു, നമ്മെ നിറയ്ക്കുന്നതിനുവേണ്ടി. എന്റെ ജീവിതത്തിൽ സാത്താന് ഇടം കൊടുക്കുന്നു എങ്കിൽ ദൈവത്തിന്റെ നിറവ് പ്രാപിക്കാൻ സാദ്ധ്യമല്ല. എന്നാൽ ക്രിസ്തുവിനായി തുറന്നു കൊടുക്കുന്നു എങ്കിൽ ആത്മാവിനായി, വചനത്തിനായി പൂർണ്ണമായി തുറന്നു കൊടുക്കുന്നു എങ്കിൽ മനസിനെ, ഹൃദയത്തെ, ആത്മാവിനെ അവിടുന്നു നിറയ്ക്കും.

സമർപ്പണം എന്നത് ആത്മ നിറവല്ല, അതിനായി നമ്മെ ഒരുക്കുന്നു. ഒഴിഞ്ഞിടുക എന്നത് നിറവിനായുള്ള ഒരുക്കമാണ്. സമർപ്പിക്കപ്പെട്ട ജീവിതത്തിന് മാത്രമേ നിറയുവാൻ കഴികയുള്ളൂ. കർത്താവായ യേശുക്രിസ്തുവിനുവേണ്ടി നിങ്ങളുടെ ജീവിതം തുറക്കപ്പെട്ടിട്ടുണ്ടോ?

ക്രിസ്തുവിങ്കലേക്ക് വരിക, വന്നു കുടിക്കുക

എങ്ങനെ നിറവ് സാദ്ധ്യമാവുക? വഴി വളരെ എളുപ്പമാണ്, എന്നാൽ ആളുകൾ അതിനെ കൊഴുപ്പിക്കാറുണ്ട്. എന്താണ് ദൈവത്തിന്റെ വഴി? അവിടുത്തെ വചനത്തെ ശ്രദ്ധിക്കു: “ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല”. (യോഹ. 4:14). ഇത് സമുചിതമായ സജീവമായ ഒരു വരം “ ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നു കൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ ”(യോഹ. 7:37).

ഇതിനെക്കാൾ ലളിതമായ ഒരു കാര്യമുണ്ടോ? ഈ വാക്കുകളിലൊന്നിന്റെ അർത്ഥം വെളിവാക്കുന്ന ഒരു ഡിക്ഷനറിയോ വ്യാഖ്യാന ഗ്രുന്ഥമോ ഉണ്ടോ. നിങ്ങൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ മാത്രമാണവ. ഇത് വളരെ ലളിതമാകയാൽ ഇത് ശ്രദ്ധിക്കപ്പെടാതെ പോകാറുണ്ട്.

“ ആരെങ്കിലും”. അവിടെ ഒരു വേർതിരിവും ഇല്ല. ദൈവം അരുളിചെയ്യുന്നു “ആരെങ്കിലും” ഇത് കേട്ടിട്ട് ആരെങ്കിലും തന്റെ പേര് എഴുതി ചേർത്താൽ. അവർ ആരാണ്?

ദാഹിക്കുന്നവൻ ഇത് കേവലം എന്തിനോ വേണ്ട ആഗ്രഹമല്ല, എനിക്ക് അവകാശമാക്കുവാൻ കഴിയാത്ത അവ്യക്തമായ ഒരു തോന്നലല്ല. സാദ്ധ്യമായ ചില ആത്മ നിറവിൻ ജീവിതങ്ങളിൽ കാണുന്നവയുമാണ്. ദാഹം എന്നത് വിശുദ്ധിക്കു വേണ്ടിയും, ക്രിസ്തുവിനുവേണ്ടി ജീവിക്കണം എന്നുള്ള അതിയായ ആഗ്രഹമാണ്. അത് സാദ്ധ്യമാക്കപ്പെടണം. സാക്ഷിക്കുവാനുള്ള ശക്തി ലഭിക്കുവാനുള്ള അതിയായ ആഗ്രഹം, ക്രിസ്തുവിനു വേണ്ടി ആത്മാക്കളെ നേടണം എന്നുള്ള ആത്മാവിന്റെ അതിയായ വാഞ്ച ദാഹം. എന്ന വാക്കിന് ഇതിനേക്കാൾ വലിയ അർത്ഥ വ്യാപ്തിയുണ്ട്. ദൈവത്തിനായി ജീവിക്കുവാനുള്ള അതിയായ ആഗ്രഹമാണത്. സങ്കീർത്തനക്കാരന്റെ വാക്കുകളിൽ “ മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംഷിക്കുന്നതുപോലെ ദൈവമേ എന്റെ ആത്മാവു ദൈവത്തോടു ചേരുവാൻ കാംഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നെ ദാഹിക്കുന്നു ” (സങ്കീ. 42:1,2)

ആരോ ഇപ്രകാരം എഴുതി, അവിടുത്തേയ്ക്കും അവിടുത്തെ വിശുദ്ധിക്കും വേണ്ടിയുള്ള ആർക്കും തീർക്കുവാൻ കഴിയാത്ത ദാഹം. നിങ്ങൾക്ക് ഈ വിധത്തിലുള്ള ദാഹമുണ്ടോ? ഇതാണ് ദൈവത്തിന്റെ നിറവ് പ്രാപിപ്പാനുള്ള ഒന്നാമത്തെ വ്യവസ്ഥ. അടുത്തത് എന്ത്?

വരിക എവിടെ, ആരുടെ അടുക്കലേയ്ക്ക്? ഒരു കോൺഫറൻസിലേക്കോ? ചില നേതാക്കളുടെ അടുക്കലേക്കോ? എന്റെ അടുക്കൽ വരുവിൻ ഒരേയൊരുവൻ മാത്രം ഈ വരംകാട്ടി വിളിക്കുന്നു. ജീവജലത്തിന്റെ ഉറവയിലേക്ക് അവിടുന്ന് നിറവിനായി വിളിക്കുന്നു. നിങ്ങൾ അവിടുത്തെ അടുക്കൽ വന്നുവോ? ഒരു പക്ഷേ നിങ്ങൾ വന്ന് ഇതിനായി ചോദിച്ചിട്ടുണ്ടാകാം. എന്നാൽ അത് അതിനുള്ള വ്യവസ്ഥയല്ല, അവിടുത്തെ വ്യവസ്ഥ വ്യക്തമാണ്. നിങ്ങൾ ചോദിക്കുന്നത്, നിങ്ങളുടെ ദാഹം കൊണ്ട് ഉറപ്പാക്കേണം. എന്നാൽ ആഗ്രഹം, അതിയായ ആഗ്രഹം, പര്യാപ്തമല്ല. അതിനെക്കാൾ കൂടുതലായി എന്തോ ഉണ്ട് അത് ചെയ്യുക.

കുടിക്കുക. ഇതൊരു പ്രവൃത്തിയാണ്. ആഗ്രഹം ഉചിതമായി പ്രവർത്തിക്കുമ്പോൾ അത് നേട്ടം ഉണ്ടാക്കുന്നു. ദാഹം ഒരു ആഗ്രഹമാണ്,; ഞാൻ വെള്ളം എടുക്കുന്നു. ഇവിടെ ദാഹമുണ്ട്, ശുശ്രൂഷയിൽ ചില മഹത്വകരമായ അനുഭവങ്ങളുമുണ്ട്. അവർക്ക് ദാഹിക്കുന്നു, എന്നാൽ അവർ കുടിക്കുന്നില്ല. വീഞ്ഞുകുടിച്ച് മത്തരാകരുത്..... ആത്മാവ് നിറഞ്ഞവരായിരിപ്പിൻ” (എഫെ. 5;18). എങ്ങനെയാണ് ഒരുവൻ കുടിക്കുന്നത്? തുടർച്ചയായി കുടിക്കും. എങ്ങനെയാണ് പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിക്കുന്നത്? നമ്മുടെ കർത്താവാ പറയുന്നു, ജീവജലം കുടിക്കുന്നതിനാൽ എങ്ങനെയാണ് ഒരുവൻ നിറയുന്നത്? രാവും പകലും തുടർച്ചയായി കുടിക്കുമ്പോൾ.

നിങ്ങൾക്ക് ദാഹിക്കുമ്പോൾ എങ്കിൽ, നിങ്ങൾ ഇപ്പോൽ കുടിക്കുന്നു എങ്കിൽ, ദൈവത്തിൽ ഈ പ്രാർത്ഥന അർപ്പിക്കുമോ, കർത്താവേ എനിക്ക് ദാഹിക്കുന്നു, കർത്താവേ, ഞാൻ വരുന്നു കുടിക്കുന്നു, കർത്താവേ, അവിടുന്നു എനിക്കായി അവിടുന്ന് ഒരുക്കുന്ന ദാനം ഞാൻ എടുക്കുന്നു, പരിശുദ്ധാത്മാവിന്റെ പൂർണ്ണനിറവ്, കർത്താവേ അതിനായി ഞാൻ നന്ദി അർപ്പിക്കുന്നു. ❖